## യുദ്ധവും സമാധാനവും

1 ആഗസ്റ്റ് 2020

കുട്ടികളുടെ ശാസ്ത്രദ്വൈവാരിക

ഇന്ത്യൻ ഭാഷകളിൽ ഏറ്റവും കൂടുതൽ കുട്ടികൾ വായിക്കുന്ന ശാസ്ത്രപ്രസിദ്ധീകരണം

വില: ₹17.00

# യുറീക്ക





# ശാന്തിഗീതം

**സുകന്യ അഗാസെ**

ചിത്രീകരണം: കെ.സതീഷ്


വേണ്ടായിനി വേണ്ടായിനി
വേണ്ട വേണ്ട ഹിരോഷിമ
നാഗസാക്കി വേണ്ട വേണ്ട
ശാന്തിഗായകർ നാം

അണുയുദ്ധത്തിൽ വിജയികളില്ല
അതിനന്ത്യത്തിൽ ജീവിതവും
വിജയിച്ചവരോ തോറ്റവരോ
ഈ വിറങ്ങലിച്ച കബന്ധങ്ങൾ

ഭീകരമാമീ ഭസ്മാസുരനൊരു
ഘോര തമസ്സായ് പടരുന്നൂ
അവനു കുറിക്കണമന്ത്യമതിനായ്
പടയണി ചേരൂ സഹോദരരേ

അനന്തമാമീ ഗ്രഹമാലയിലൊരു
സുന്ദരഗ്രഹമീ ഭൂമി.....
ഒരുമിച്ചുയരാം ഒന്നായ് വളരാം
നമുക്കു പ്രിയകരമീ ഭൂമി

ഭീകരമാമീ അണ്വാസ്ത്രങ്ങൾ
തകർത്തിടാമിനി ഭൂവിൽ ഭൂവിൽ
ശാശ്വത ശാന്തി പുലർന്നീടാൻ
മാനവത്വമുയർന്നീടാൻ



കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിദ്ധീകരിച്ച 'പാടാം പഠിക്കാം' എന്ന പുസ്തകത്തിൽ നിന്നെടുത്തതാണ് ഈ ഗാനം. അഖിലേന്ത്യാ ശാസ്ത്രകലാജാഥയ്ക്ക് വേണ്ടി തയ്യാറാക്കിയ ഈ ഗാനം എഴുതിയത് മഹാരാഷ്ട്ര സ്വദേശിനിയായ സുകന്യ അഗാസെ ആണ്. മലയാള പരിഭാഷ കെ കെ കൃഷ്ണകുമാർ. കോട്ടക്കൽ മുരളിയുടെ ഏകോപനത്തിൽ കോട്ടയ്ക്കലിലെ ബാലവേദി കൂട്ടുകാർ ശാന്തിഗീതം ആലപിക്കുന്നത് കേൾക്കാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

ഹിന്ദി, കന്നഡ, ബംഗാളി, ഒഡിയ എന്നീ ഭാഷകളിലും ഈ ഗാനം ലഭ്യമാണ്. ആവശ്യമുള്ള കൂട്ടുകാർ വാട്സ് ആപ്പിലൂടെ ആവശ്യപ്പെട്ടാൽ വരികൾ അയച്ചുതരാം.

2020
ആഗസ്റ്റ് 1
വാല്യം: 42
ലക്കം 5

# യുറീക്ക
കുട്ടികളുടെ ശാസ്ത്ര ദ്വൈവാരിക

1970– ൽ പ്രസിദ്ധീകരണം ആരംഭിച്ചത്

സന്ദർശിക്കുക :
www.eurekafortnightly.com
www.facebook.com/
EurekaFortnightly

കത്തുകളും രചനകളും അയയ്ക്കേണ്ട
വിലാസം: എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട് – 673 002.
e-mail: eurekakssp@gmail.com

ഓൺലൈനിൽ വായിക്കാൻ
www.magzter.com
www.readwhere.com

## ലേഖനങ്ങൾ

6. ഹിരോഷിമയുടെ കഥ; നാഗസാക്കിയുടെയും : പ്രൊഫ.എസ്.ശിവദാസ്

14. കടൽക്കുതിരകളുടെ ലോകം : ഡോ.നിധിൻ സി.ടി.

18. വെള്ളത്തിന് നനവുണ്ടായതെങ്ങനെ? : പുന: ഡോ.സംഗീത ചേനംപുല്ലി

20. അടിതെറ്റിയാൽ : ശിവപ്രസാദ് പാലോട്

28. മുരിക്കമരത്തിലെ പക്ഷികൾ : ഡോ.അബ്ദുള്ള പാലേരി

## പരീക്ഷണശാല

17. കഞ്ഞി വെയ്ക്കുമ്പോൾ ഒരു തവി അതിലിട്ടേക്കൂ... : കെ.പാപ്പൂട്ടി

## കുറിപ്പ്

10. യുദ്ധം ഒരിക്കലും ഉത്തരമായിരുന്നില്ല; ഇനി ആവുകയുമില്ല :

11. യുദ്ധം നരകമാണ് :

## കവിത

2. ശാന്തിഗീതം : സുകന്യ അഗാസെ

27. പുലി : സിന്ധു എൻ.പി.

31. കടൽ : രാമകൃഷ്ണൻ കുമരനല്ലൂർ

38. പാവം ആന : മധു ആലപ്പടമ്പ്

42. പഴമൊഴിപ്പാട്ട് : പപ്പൻ കാവുമ്പായി

## കഥ

13. കോഴിപ്പാട്ട് : ജോസ് ഗോതുരുത്ത്

39. ഇര : റഫീക്ക് പൂനത്ത്

## നോവൽ

32. ഭൂമിയിലെ നക്ഷത്രങ്ങൾ : പ്രേമജ ഹരീന്ദ്രൻ



കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പ്രസിദ്ധീകരണം

**പംക്തികൾ**

9. വരേം കറീം
22. കാഴ്ചപ്പുറം
24. ഞാറ്റടി
34. പീക്കിരി.ഇൻ
40. യു.മെയിൽ
43. ഓരോരോന്നോരോന്ന്

**കവർ**
റോഷൻ

അറിവ് ആഹ്ലാദമാക്കിയ അമ്പത് വർഷങ്ങൾ

വാർഷിക വരിസംഖ്യ : 300 രൂ.
ഒറ്റപ്രതി : 17 രൂ.
ഓൺലൈനായി പണമടയ്ക്കാൻ
www.kssppublications.com

ഡി.ഡി/എം.ഒ. ആണെങ്കിൽ

**മാനേജിങ് എഡിറ്റർ, യുറീക്ക, ചാലപ്പുറം, കോഴിക്കോട്–673002.**
e-mail: ksspmagazine@gmail.com,
Ph: 0495 2701919.

**പത്രാധിപസമിതി :**

സി എം മുരളീധരൻ (എഡിറ്റർ), എം ദിവാകരൻ (മാനേജിങ് എഡിറ്റർ), അനിത സി കെ (അസോ. എഡിറ്റർ), ഷിനോജ് രാജ് (എഡി. അസിസ്റ്റന്റ്), പ്രൊഫ.കെ.പാപ്പൂട്ടി, ജനു, ഇ.എൻ.ഷീജ, മൈന ഉമൈബാൻ, ഇ.രാജൻ, ഇ.ജിനൻ, മഞ്ജു പി എൻ, സിന്ധു എൻ പി, പി.കെ.സുധി, ഡോ.കെ.കിഷോർ കുമാർ, എം.ഗീതാഞ്ജലി, ഷൈല സി ജോർജ്.

ലേ-ഔട്ട്: ഷിനോജ് രാജ്,
ഗ്രാഫിക്സ് : റനീഷ് കെ.പി.

# മുഖക്കുറി

നിണ്ടുനിന്ന പോരാട്ടത്തിന് ശേഷം യുദ്ധമുന്നണിയിൽ വിണുകിട്ടിയ ഏതാനും മിനുട്ടുകളിൽ ഒന്നു മയങ്ങിത്തുടങ്ങിയിട്ടേ ഉണ്ടായി രുന്നുള്ളൂ. അപ്പോഴേക്കും ടോം ബ്ലേക്കും വില്യം സ്കോഫീൽഡും വിളിച്ചുണർത്തപ്പെട്ടു. ഒരു അടിയന്തിരദൗത്യം ഏറ്റെടുക്കാനാണ് പട്ടാളമേധാവി അവരോട് ആവശ്യപ്പെട്ടത്.

കുറേ മൈലുകൾക്കപ്പുറം തങ്ങളുടെ മറ്റൊരു റജിമെന്റ് – കേണൽ മക്കൻസി നയിക്കുന്ന ഡെവോൺഷയർ റജിമെന്റിന്റെ രണ്ടാം ബറ്റാലിയൻ – വടക്കൻ ഫ്രാൻസിലെ പടിഞ്ഞാറൻ യുദ്ധമുണിയിൽ നിന്നും പിന്മാറിയ ജർമൻ പട്ടാളത്തിനു നേരെ പുതിയ ഒരു ആക്രമണത്തിനു തയ്യാറെടുക്കുകയാണ്. യഥാർത്ഥിൽ ജർമൻ സൈന്യം തോറ്റ് പിന്മാറിയതല്ല. അവർ വളരെ തന്ത്രപൂർവം ബ്രിട്ടീഷ് പട്ടാളത്തെ തകർക്കാൻ നടത്തിയ പിന്മാറ്റമാണ്. ആക്രമണം ആരംഭിക്കുക എന്നാൽ മക്കൻസി നയിക്കുന്ന 1600 ബ്രിട്ടീഷ് പടയാളികൾ ഒന്നിച്ച് മരിച്ചുവീഴുക എന്നതാണ്. കാരണം അവർ ജർമൻ സൈന്യത്തിന്റെ ചതിവലയത്തിനകത്താണ്. മക്കൻസിയുടെ പട്ടാളക്കമ്പനിയെ ബന്ധപ്പെടാൻ ഒരു വഴിയുമില്ല. ടെലിഫോൺ ലൈനുകളെല്ലാം ശത്രുക്കളുടെ ആക്രമണത്തിൽ തകർന്നിരിക്കുകയാണ്. കാൽനടയായി സഞ്ചരിച്ച് ഒരു പകലും ഒരു രാവും കൊണ്ട് കേണൽ മക്കൻസിക്ക് ഒരു സന്ദേശം എത്തിക്കണം. അവർ ആസൂത്രണം ചെയ്ത യുദ്ധമുന്നേറ്റം നടത്തരുതെന്ന്.

ശത്രുവിന്റെ കണ്ണിൽപ്പെടാതെ ഇത്രയും ദൂരം സഞ്ചരിച്ചെത്തുക അസാധ്യമായ കാര്യമാണ്. എങ്കിലും ഓർഡർ അനുസരിച്ചേ പറ്റൂ. മാത്രവുമല്ല, ടോം ബ്ലേക്കിന്റെ സഹോദരൻ ജോസഫ് ബ്ലേക്ക് ആ പട്ടാള ട്രൂപ്പിലുണ്ട്. ഈ വിവരം അവിടെ എത്താതിരിക്കുക എന്നാൽ സഹോദരന്റെ കൂടി ജീവൻ നഷ്ടപ്പെടുക എന്നതാണ്.

ജർമൻകാർ ഒഴിച്ചിട്ടുപോയ ട്രഞ്ചുകളിലൂടെ, യുദ്ധം തകർത്ത് തരിപ്പണമാക്കിയ ഭൂമിയിലൂടെ നിരവധി പ്രതിബന്ധങ്ങളെ തരണം ചെയ്ത് അവർ യാത്ര തുടർന്നു. ഇതിനിടെ അപ്രതീക്ഷിതമായി ഒരു ജർമൻ പട്ടാളക്കാരന്റെ കുത്തേറ്റ് ബ്ലേക്ക് കൊല്ലപ്പെടുന്നു. ഏതുവിധേനയും ദൗത്യം തുടരാൻ സ്കോഫീൽഡിനോട് ആവശ്യപ്പെട്ടുകൊണ്ടാണ് ബ്ലേക്ക് അന്ത്യശ്വാസം വലിക്കുന്നത്. തന്റെ വിവരങ്ങൾ അമ്മയെ അറിയിക്കണമെന്നുകൂടി അയാൾ പറയുന്നുണ്ട്.


# യുദ്ധം ഒന്നിനും ഉത്തരമല്ല





തകർന്ന ഒരു പാലത്തിന്റെ അസ്ഥികൂടത്തിലൂടെ സാഹസികമായി പുഴ മുറിച്ചുകടക്കാൻ ശ്രമിക്കുന്നതിനിടെ സ്കൈഫീൽഡിനു നേരെ തുടർച്ചയായി വെടിയുതിർന്നു. ഏതൊക്കെയോ വിധേന അയാൾ പുഴ കടന്ന് കെട്ടിടത്തിനകത്ത് ഒളിച്ചിരുന്ന് വെടിയുതിർത്ത ശത്രുവിനെ വധിക്കുന്നു. പക്ഷേ, പ്രശ്നങ്ങൾ ആരംഭിക്കുന്നതേ ഉണ്ടായിരുന്നുള്ളൂ. ചീറിപ്പായുന്ന വെടിയുണ്ടകളിൽ നിന്ന് രക്ഷപ്പെടാൻ മറ്റൊരു പുഴയിലേക്ക് അയാൾക്ക് എടുത്തുചാടേണ്ടി വന്നു. പുഴയിൽ മുഴുവൻ ഒഴുകി നടക്കുന്ന ശവങ്ങൾ. അന്തമില്ലാത്ത പുഴയിലെ ഒഴുക്ക് അയാളെ ഒരു വെള്ളച്ചാട്ടത്തിന്റെ വായിലേക്കാണ് വലിച്ചിട്ടത്. പക്ഷേ, ഒടുവിൽ അയാളൊരുവിധം കരപറ്റുന്നു. പടയ്ക്കു പോവാൻ ഒരുങ്ങും മുമ്പ് ഒന്നിച്ച് ചേർന്ന് ഒരു നാടൻപാട്ടിന്റെ വരികൾ ചൊല്ലുന്ന സ്വന്തം പട്ടാളക്കാരുടെ നേരിയ ശബ്ദം അയാളുടെ ചെവിയിലെത്തുന്നു. ഒരിഞ്ച് പോലും നീങ്ങാൻ അയാളുടെ ശാരീരിക സ്ഥിതി അനുവദിക്കുന്നില്ല. ഇഴഞ്ഞും നടന്നും അയാൾ മുന്നേറി. ട്രഞ്ചിൽ നിങ്ങിക്കൊണ്ടിരിക്കുന്ന പട്ടാളക്കാർക്കിടയിൽക്കൂടി അയാൾ മക്കൻസിയെ അന്വേഷിക്കുന്നു. നീണ്ടുനീണ്ടുപോവുന്ന ട്രഞ്ച്. അതിനിടയിൽക്കൂടി കേണലിനെ അന്വേഷിച്ച് കണ്ടെത്തുക എളുപ്പമായിരുന്നില്ല. ഷെല്ലാക്രമണം തുടങ്ങിക്കഴിഞ്ഞിരുന്നു. അടുത്തുകണ്ട മറ്റൊരു പട്ടാളമേധാവിയോട് താൻ കൊണ്ടുവന്ന സന്ദേശത്തെക്കുറിച്ച് പറഞ്ഞപ്പോൾ പോയി പണിനോക്കാനാണ് അയാൾ പറഞ്ഞത്. എങ്കിലും സ്കൈഫീൽഡ് കേണലിനെ കണ്ടെത്തി സന്ദേശം കൈമാറി മുന്നേറ്റം നിർത്തിവെപ്പിച്ചു. ഒട്ടും വിശ്രമിക്കാതെ, തനിക്ക് കണ്ടാലറിയാത്ത ജോസഫ് ബ്ലേക്കിനെ തേടി ഓടുന്നു. അയാളെ ഏൽപ്പിക്കാനായി ടോം ബ്ലേക്കിന്റെ പട്ടാളമുദ്രകളും മോതിരവും അയാൾ കൊണ്ടുവന്നിട്ടുണ്ട്. അമ്മയ്ക്കായുള്ള ടോമിന്റെ സന്ദേശവും സഹോദരന് കൈമാറണം.

ശ്വാസം വിടാതെ അസ്വസ്ഥരായിരുന്ന് മാത്രം കാണാൻ കഴിയുന്ന ഒരു സിനിമയുടെ ചുരുക്കമാണ് ഇവിടെ പറഞ്ഞത്. കഴിഞ്ഞവർഷം ഇറങ്ങിയ 1917 എന്ന ബ്രിട്ടീഷ് ചിത്രം. തന്റെ മുത്തച്ഛനിൽ നിന്നും കേട്ട ഒരു കഥയെ അടിസ്ഥാനമാക്കിയാണ് സംവിധായകനായ സാം മെൻഡിസ് ഈ സിനിമ ഒരുക്കിയത്. യുദ്ധഭൂമിയിൽ നിന്ന് അൽപ്പം മാറി ഒരു മരച്ചുവട്ടിലിരുന്ന്, കോട്ടിന്റെ ഉള്ളിലെ കീശയിൽ സൂക്ഷിച്ച പ്രിയപ്പെട്ടവരുടെ ഫോട്ടോയെടുത്ത്, അതിലേക്ക് ഉറ്റുനോക്കുന്ന സ്കൈഫീൽഡിലാണ് സിനിമ അവസാനിക്കുന്നത്. യുദ്ധത്തിന്റെ ഭീകരതയും അതിന്റെ നിരർഥകതയും വിളിച്ചോതുകയാണ് ഈ സിനിമ. യുദ്ധത്തിന് വേണ്ടി മുറവിളി കൂട്ടുന്നവരെല്ലാം ഈ സിനിമ ഒന്ന് കണ്ടെങ്കിൽ എന്ന് ആശിച്ചുപോവുന്നു.

**യുറീക്കാ മാമൻ**



# ഹിരോഷിമയുടെ കഥ, നാഗസാക്കിയുടെയും



പ്രൊഫ.എസ്.ശിവദാസ്

ചിത്രീകരണം: സൂരജ് കക്കറയിൽ

കുട്ടുകാരേ,

ഇത് ഹിരോഷിമയുടെ കഥ. നാഗസാക്കിയുടെയും. ഇത് ദാരുണമായ, ഭീകരമായ കഥയാണെങ്കിലും കൂട്ടുകാർ വായിക്കണേ.

കഥ തുടങ്ങുന്നത് ജപ്പാനിലെ ഹിരോഷിമയിൽ. 1945 ആഗസ്റ്റ് 6 തിങ്കളാഴ്ച രാവിലെ ഏഴ കഴിഞ്ഞ നേരം. അന്ന് ആകാശം തെളിഞ്ഞതായിരുന്നു. വെയിൽ പരന്നിരുന്നു. പെട്ടെന്നായിരുന്നു




സൈറൺ കൂവിയത്.  രണ്ടാം ലോകമഹായുദ്ധകാലമാണ്. അപകടം! ആകാശത്ത് യുദ്ധവിമാനങ്ങൾ! ഓടിയൊളിക്കുവിൻ! അതാണു സൈറൻ കൂവിയതിന്റെ അർത്ഥം. ഹിരോഷിമ നിവാസികൾ മുറികളിൽ കയറി ഒളിച്ചിരുന്നു. അപ്പോൾ സമയം ഏഴ് പത്ത്. എല്ലാവരും ശ്വാസം  പിടിച്ചിരുന്നു. ഇപ്പോൾ ബോംബുകൾ വീഴാം. അവർ പേടിച്ചിരുന്നു.

എന്നാൽ അപ്പോൾ ബോംബൊന്നും വീണില്ല. ഏഴുമണി മുപ്പത്തൊന്നു മിനിറ്റായപ്പോൾ വീണ്ടും സൈറൻ കൂവി. വിമാനം പോയി. പ്രശ്നമൊന്നുമില്ല എന്ന് എല്ലാവർക്കും മനസ്സിലായി. എല്ലാവരും മുറിക്കു പുറത്തിറങ്ങി. ഹിരോഷിമയിലെ എണ്ണായിരത്തി തൊള്ളായിരം കുട്ടികൾ കൂടി അപ്പോൾ പുറത്തിറങ്ങി. നഗരം വൃത്തിയാക്കാനായിരുന്നു അവരെത്തിയത്. അവരുടെ ടീച്ചർമാരും കൂടെയുണ്ടായിരുന്നു.

എന്നാൽ അവർ ആരും ആ രഹസ്യം അറിഞ്ഞിരുന്നില്ല. അതിഭീകരമായ ഒരു  കൂട്ടക്കൊല ഉടൻ അവിടെ നടക്കുമെന്ന്. മൂന്നു വിമാനങ്ങൾ ഹിരോഷിമയിലേക്കു പറന്നടുക്കുന്നുണ്ടായിരുന്നു. അതിലൊന്നിൽ  'ലിറ്റിൽ ബോയ്' ഉണ്ടായിരുന്നു. അത് ഒരു അണുബോംബായിരുന്നു. ആ ഓമനപ്പേരിട്ടത് ആക്രമണത്തിനു നേതൃത്വം നൽകുന്ന കേണൽ ടിബെറ്റ്സ് (Tibbts) ആയിരുന്നു. ലിറ്റിൽ ബോയി ഇരുന്ന വിമാനത്തിന്റെ പേര് എനോള ഗെ (Enola Gay) എന്നായിരുന്നു. കേണലിന്റെ അമ്മയുടെ പേര്! മറ്റു വിമാനങ്ങൾ സഹായത്തിനുള്ളതായിരുന്നു.

നേരം രാവിലെ 8.15. മുകളിൽ വിമാനത്തിന്റെ ഇരമ്പം. അത് കേട്ട് ഒരു ടീച്ചർ കുട്ടികളോട് വിവരം പറയാൻ തുടങ്ങിയതേ ഉണ്ടായിരുന്നുള്ളൂ. പെട്ടെന്ന് ലിറ്റിൽ ബോയ് താഴേക്ക് വന്നു. ഹിരോഷിമയ്ക്ക് 580 മീറ്റർ മുകളിൽ വച്ച് അത് പൊട്ടി. ഒരു മിന്നൽ. ഒരു സ്ഫോടനം. ചുറ്റും നീല വെളിച്ചത്തിന്റെ പ്രളയം. ആയിരം സൂര്യന്മാർ ഒന്നിച്ചു പൊട്ടിച്ചിതറിയതുപോലെ.

# ബസ്റയിലെ ലൈബ്രേറിയൻ




യുദ്ധം ഒന്നും ബാക്കിവെക്കുകയില്ല. മണ്ണിനെ, പ്രകൃതിയെ, ജീവജാലങ്ങളെ, കെട്ടിടങ്ങളെ എല്ലാം അത് നശിപ്പിക്കും. ഓരോ യുദ്ധത്തിലും മരിച്ചുവീഴുന്നവർ ലക്ഷങ്ങളാണ്. എല്ലാം നഷ്ടപ്പെട്ട് ഉടുതുണിയുമായി പലായനം ചെയ്യേണ്ടി വരുന്നതും ലക്ഷങ്ങളാണ്.

ഇറാക്ക് യുദ്ധത്തിൽ തുറമുഖനഗരമായ ബസ്റയിലെ എല്ലാം നശിച്ചു. എന്നാൽ അവിടുത്തെ ഒരു ലൈബ്രറിയിലെ പുസ്തകങ്ങൾ നശിച്ചുപോവാതെ കാത്തുസൂക്ഷിച്ച ആവേശകരമായ ഒരു കഥയുണ്ട്. കൂട്ടുകാർ അത് വായിച്ചിട്ടുണ്ടോ? ബസ്റയിലെ ലൈബ്രേറിയന്റെ കഥ. ഇല്ലെങ്കിൽ ഇതാ ഈ ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് വീഡിയോ കണ്ടോളൂ.

ബോംബു പൊട്ടിയ ഭാഗത്തെ താപനില 4000 ഡിഗ്രി 'C' ആയി ഉയർന്നു. അതിഭീകരമായ ചൂടിൽ ചുറ്റുമുള്ളതൊക്കെ തിളച്ചുകത്തി മറഞ്ഞു. അവിടെയുണ്ടായിരുന്നവർ ആവിയായിപ്പോയി! മനുഷ്യരും മൃഗങ്ങളും ചെടിയും എല്ലാം ഇല്ലാതായി. കുട്ടികൾ നിന്നിടത്ത് ശൂന്യത! പൊടി, പുക. അങ്ങനെ ഉടൻ മരിച്ചവർ ഭാഗ്യവാന്മാരായിരുന്നു. അൽപ്പം അകലെ നിന്നവരോ? അങ്ങോട്ടു നോക്കിയവരുടെ കൃഷ്ണമണികൾ ഉരുകിപ്പോയി. മുഖം കരിഞ്ഞു ചുക്കിച്ചുളുങ്ങി. അതിഭീകരമായ താപതരംഗത്തിൽ തട്ടി അവരുടെ തൊലി ഇളകി തൂങ്ങി. കൈകൾ പോലും പൊക്കാനാകാതെ ഇളകിനീങ്ങിയ ആ ഹതഭാഗ്യർ 'മിസു, മിസു' എന്നു വിളിച്ചുപറയുന്നുണ്ടായിരുന്നു. വെള്ളം വെള്ളം എന്ന്!

ബോംബു സ്ഫോടനമുണ്ടാക്കിയ തീ ചുറ്റും പടർന്നു. കൊടുങ്കാറ്റിൽ തീ നദികൾക്കു കുറുകെ പാഞ്ഞു! ചുറ്റുമുള്ളതൊക്കെ തകർന്നു തരിപ്പണമായി. എല്ലാം കത്തി ചാരമായി.

അപ്പോഴും മരിക്കാത്തവർക്കോ, മാരകമായ റേഡിയേഷനുകൾ ഏറ്റു. അവർ പിൽക്കാലത്ത് നരകയാതന അനുഭവിച്ചു മരിച്ചു.

ഹിരോഷിമയിൽ ആറ്റം ബോംബിട്ടിട്ടും യുദ്ധക്കൊതിയന്മാരുടെ കലി അടങ്ങിയില്ല. ആഗസ്റ്റ് 9 ന് നാഗസാക്കിക്കുമേൽ 'ഫാറ്റ്മാൻ' പൊട്ടി. രണ്ടാമത്തെ അണുബോംബും കൂടി പൊട്ടിയതോടെ ജപ്പാനിലെ ജനങ്ങളുടെ നരകയാതന ഇരട്ടിയായി. ഹിരോഷിമയിൽ ബോംബു പൊട്ടിയ ദിവസം മരിച്ചത് ഏകദേശം ഒരു ലക്ഷം പേർ! നാഗസാക്കിയിലോ 74000 പേരും!

രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാന നാളുകളിലായിരുന്നു അമേരിക്ക ഇങ്ങനെ ജപ്പാനുമേൽ രണ്ട് ആറ്റം ബോംബുകൾ ഇട്ടത്! അവ പ്രയോഗിക്കാതെ തന്നെ ജപ്പാൻ കീഴടങ്ങിയേനേ, പക്ഷേ, ബോംബുണ്ടാക്കി വച്ചിട്ട് പ്രയോഗിച്ചു നോക്കിയില്ലെങ്കിലെങ്ങനെ എന്നായിരുന്നു അമേരിക്കൻ പട്ടാളത്തലവന്മാരുടെ മനോഭാവം!

*****

ഒരു യുദ്ധവും ഒന്നിന്റെയും പരിഹാരമാകുന്നില്ല. ഒരു യുദ്ധത്തിലും ആരും ജയിക്കുന്നുമില്ല. പരാജയപ്പെടുന്നതോ എന്നും സാധാരണക്കാരായ മനുഷ്യർ. ജനകോടികളെ കണ്ണുനീർക്കയത്തിലേക്കു തള്ളിയിടുന്ന ക്രൂരമായ വിനോദമാണ് യുദ്ധം. ഹിരോഷിമയുടെ നെഞ്ചിൽ വീണ അണുബോംബുകൾ നമ്മെ ഓർമിപ്പിക്കുന്നതും അതു തന്നെ. ഇനി ഒരു യുദ്ധം വേണ്ട. വലിയ യുദ്ധവും ചെറിയ യുദ്ധവും വേണ്ട. ഒരു കുഞ്ഞിന്റെയും അമ്മ ബോംബിന് ഇരയാകരുത്. ഒരു അച്ഛനും മകൻ നഷ്ടപ്പെടരുത്. നമുക്കു വേണ്ടത് സമാധാനം. സാഹോദര്യം, സഹിഷ്ണുത, സഹവർത്തിത്വം അതാകട്ടെ ഹിരോഷിമ ദിനത്തിൽ നമ്മുടെ ചിന്ത; പ്രതിജ്ഞ.

# വരേം  കുറീം

കൂട്ടുകാർക്കുള്ള രചനാ മത്സര പംക്തിയാണ് വരേം കുറീം.

രചനകൾ കിട്ടേണ്ട അവസാന തിയ്യതി ആഗസ്റ്റ് 15

# സമാധാനത്തിന്റെ കവിത

**സമാധാനത്തെക്കുറിച്ച് രണ്ടു വരി കവിതയെഴുതി സമർപ്പിക്കാൻ ഐക്യരാഷ്ട്രസഭ ഒരിക്കൽ ലോകമെമ്പാടുമുള്ള സ്ക്കൂളുകളോട് ആവശ്യപ്പെട്ടു. മുപ്പത്തെട്ടു രാജ്യങ്ങളിൽ നിന്നങ്ങനെ വന്ന കവിതകൾ ഒരുമിച്ചു ചേർത്ത് ഒരു നീണ്ട കവിത ഉണ്ടായി. അതിന്റെ പേരാണ് സമാധാനത്തിന്റെ കവിത. ഈ കവിതകളെപ്പറ്റി ഐക്യരാഷ്ട്രസഭയുടെ അന്നത്തെ സെക്രട്ടറി ജനറൽ കോഫി അന്നൻ ഇങ്ങനെ പറഞ്ഞു, "കുട്ടികളുടെ സമാധാന ചിന്തകൾ അവരുടെ ഹൃദയത്തിൽ നിന്നാണ് വരുന്നത്." ചുരുക്കം ചില കവിതകൾ താഴെക്കൊടുക്കുന്നു.**

**യുദ്ധമില്ലാത്ത ലോകത്തെക്കുറിച്ച്, സമാധാനത്തെക്കുറിച്ച് നിങ്ങളുമെഴുതൂ. എന്നിട്ട് യുറീക്കയ്ക്ക് അയയ്ക്കൂ.**

ഞങ്ങളുടെ അച്ഛൻ പട്ടാളത്തിൽ ചേർന്ന് മറ്റുള്ള കുട്ടികളുടെ അച്ഛൻമാരെ വെടിവെക്കുന്നത് ഞങ്ങൾക്കിഷ്ടമല്ല.

**സ്വീഡൻ**

ജീവിക്കണം എന്ന് മുറവിളി കൂട്ടിക്കൊണ്ടാണ് അമ്മയുടെ ഗർഭപാത്രത്തിൽ നിന്ന് ഞാൻ പുറത്തു വന്നത്. ഞാനിവിടെത്തന്നെ ഉണ്ട്. പക്ഷേ, സമാധാനമില്ലല്ലോ.

**ഉഗാണ്ട**



തവളയും ഈച്ചയും തമ്മിൽ കെട്ടിപ്പിടിക്കുന്നതുപോലെയാണ് ലോകസമാധാനം. അന്തരീക്ഷത്തിലെ മധുരമുള്ള സ്ട്രോബറികളുടെ സാന്നിധ്യം പോലെയും.

**അമേരിക്ക**

എന്നെ വെടിവെക്കരുതേ ചങ്ങാതി, നിന്നെപ്പോലെ ഞാനുമൊരു മനുഷ്യൻ.

**ഹംഗറി**

സുരക്ഷിതനായി രാത്രിയിൽ എന്നെ വീട്ടുപടിക്കൽ കാണുമ്പോൾ അമ്മയ്ക്കുണ്ടാകുന്ന ഹൃദയമിടിപ്പിന്റെ ശബ്ദമാണ് സമാധാനം.

**അമേരിക്ക**

ആഫ്രിക്കൻ കാട് പോലെയാണ് സമാധാനം. ഒരുപാട് കാലമെടുത്താണ് വളരുക. ഇല്ലാതാകാൻ നിമിഷങ്ങൾ മതി.

**സൗത്ത് ആഫ്രിക്ക**

## ഹിരോഷിമയിലും നാഗസാക്കിയിലും സംഭവിച്ചത്

ആണവ ബോംബുകൾ തകർത്തു തരിപ്പണമാക്കിയ രണ്ടു നഗരങ്ങൾ. വാക്കുകൾക്ക് അതീതമായ ആ കാഴ്ച, ഇതാ ഈ വീഡിയോയിൽ കാണാം. സ്കാൻ ചെയ്യൂ..

# യുദ്ധം ഒരിക്കലും ഉത്തരമായിരുന്നില്ല; ഇനി ആവുകയുമില്ല

യുദ്ധമൊരുത്തരമല്ലാ
പണ്ടും, നാളെയു
മങ്ങനെയല്ലാ.....
തമ്മിൽ തമ്മിൽ
സ്നേഹിക്കാനായ്
നമ്മൾക്കറിയില്ലെന്നാൽ

ശാന്തതയുള്ളൊരു
ജീവിതമിവിടെ
സാധ്യമല്ലാതാകും –
നമുക്ക് സാധ്യമല്ലാതാകും.
വേണ്ടാ നമുക്ക്
ബോംബുകൾ, മരണം
അംഗഭംഗം വേണ്ടാ
വേണ്ടാ മുറിവുകൾ
വേണ്ടാ യുദ്ധം –
യുദ്ധമൊരുത്തരമല്ല ഒന്നിനും
യുദ്ധം പരിഹാരമല്ല.
പണ്ടുമതങ്ങനെയല്ല
ഇനി നാളെയു
മങ്ങനെയല്ലാ.....




ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

യുദ്ധവിരുദ്ധ
പ്രസ്ഥാനങ്ങൾ
ലോകമെമ്പാടുമുണ്ട്.
'വേൾഡ്
ബിയോണ്ട് വാർ'
എന്ന ഒരു
സംഘടന
തയ്യാറാക്കിയ
ഒരു യുദ്ധവിരുദ്ധ
ഗാനമിതാ.

നമുക്കും പാടാം
ഇവരോടൊപ്പം.
വീഡിയോ കാണൂ...

ഒരു ഫോട്ടോയ്ക്ക പിന്നിലെ കഥ

# യുദ്ധം നരകമാണ്



ഈ ഫോട്ടോ കണ്ടോ. ജപ്പാനിൽ വെച്ച്  ഈ ഫോട്ടോ എടുത്തത് ഫോട്ടോഗ്രാഫറും മാധ്യമപ്രവർത്തകനുമായ ജോ ഓ’ ഡോണൽ ആണ്. ഫോട്ടോയെക്കുറിച്ച് അദ്ദേഹം തന്നെ പറയുന്നത് വായിക്കൂ...

"പുറകിൽ ഒരു കുഞ്ഞിനെയും കെട്ടി വെച്ച് പത്ത് വയസ്സ് മാത്രം പ്രായം തോന്നിക്കുന്ന ഒരാൺകുട്ടി നടന്നു വരുന്നത് ഞാൻ കണ്ടു.

അനിയനെയോ അനിയത്തിയെയോ പുറകിലേറ്റി കുട്ടികൾ കളിക്കുന്നത് അക്കാലത്ത് ജപ്പാനിൽ പതിവായിരുന്നു. എന്നാൽ ഈ വരുന്ന കുട്ടിയും കളിയുമായി എന്തെങ്കിലും ബന്ധമുണ്ടെന്ന് എനിക്ക് തോന്നിയില്ല. .

അവൻ വരുന്നത് പ്രധാനപ്പെട്ടതും, ഗൗരവമേറിയതും ആയ എന്തോ കാര്യത്തിനാണ് എന്നാണ് ഞാൻ മനസ്സിലാക്കിയത്.

അവൻ ഷൂസ് ഇട്ടിട്ടുണ്ടായിരുന്നില്ല, മാത്രമല്ല അവന്റെ മുഖം വല്ലാതെ കനത്തുമിരുന്നു.

കുഞ്ഞിന്റെ മുഖം ഉറക്കത്തിലെന്ന പോലെ അവന്റെ തോളത്തു നിന്ന് തെന്നിമാറി പുറകിലേക്ക് വീണുകിടന്നു.

കുട്ടി എത്തി അഞ്ചോ പത്തോ മിനിട്ട് അവിടെ കാത്തു നിന്നു.

വെളുത്ത മുഖാവരണങ്ങൾ അണിഞ്ഞ ആളുകൾ അവന്റെ അടുക്കലേക്ക് നടന്നു ചെന്ന് കുഞ്ഞിനെ കെട്ടിവെച്ച ബെൽറ്റ് പതുക്കെ അഴിച്ചെടുക്കാൻ തുടങ്ങി.

അപ്പോഴാണ് ഞാൻ അത് കണ്ടത്; അവൻ ചുമന്നിരുന്നത് അവന്റെ അനിയന്റെ ശവശരീരമായിരുന്നു.

കുഞ്ഞിന്റെ കൈകാലുകളിൽ പിടിച്ച് അതിനെ അവർ ചിതയിൽ വെച്ചു.

തീജ്വാലകളിലേക്ക് നോക്കിക്കൊണ്ട് അവൻ അനങ്ങാതെ നിന്നു.

വല്ലാതെ അമർത്തിക്കടിച്ചത് കൊണ്ട് അവന്റെ ചുണ്ടിൽ ചോര തിളങ്ങി.

അസ്തമന സൂര്യൻ മറഞ്ഞു പോകുന്നതുപോലെ ചിതയിലെ തീയണഞ്ഞു തുടങ്ങി.

അവനപ്പോൾ തിരിഞ്ഞു നടന്നു; ഒന്നും മിണ്ടാതെ."

(പരിഭാഷ– ***ഷൈല സി ജോർജ്***)

കടപ്പാട്: www.ww2wrecks.com

വരേം കുറീം

## തെരഞ്ഞെടുത്ത രചനകൾ
## 2020 ജൂലൈ 1

**കൊടുത്ത വരികൾ:**

*മെല്ലെ മെല്ലെ*
*കറുത്ത നിഴൽമൂടി*
*മാഞ്ഞു മാഞ്ഞു മറഞ്ഞൊരു*
*ചന്ദ്രികേ*



## കളിക്കുമോ?

*ഉണ്ണീടൊപ്പം കളിക്കാൻ*
*വരാമോ*
*തുവെള്ള നിറമുള്ള*
*ചന്ദ്രികേ നീ...*

**വിനായക്,**
കൊട്ടാനിച്ചേരി, ഏച്ചൂർ പി.ഒ., കണ്ണൂർ

## വന്നീടണേ...

എങ്ങോട്ടുപോവുന്നു നീ
എന്നൊത്തനിച്ചാക്കി
എത്ര പരിഭവിച്ചാലും
വേഗം വന്നീടണേ...

**തേജസ് പി.ആർ.,**
4 ഇ., ഗവ.മോയൻ എൽ.പി.സ്കൂൾ, പാലക്കാട് 678001

## തെരഞ്ഞെടുത്ത രചനകൾ

**ജൂൺ 16 ലക്കത്തിലെ ഒരു ദിവസം ഒരാന തിരക്കഥയിൽ സീൻ കൂട്ടിച്ചേർത്തെഴുതൽ**

ഒരുദിവസം ഒരാന



### സീൻ 4

പെട്ടെന്ന് ആനയുടെ ബോധം പോയി. ഒന്നാം പാപ്പാൻ തോട്ടികൊണ്ട് കുത്തിയിട്ടും ആന എഴുന്നേറ്റില്ല.

### സീൻ 5

മൃഗഡോക്ടറെ വരുത്തി. ഡോക്ടറിനൊന്നും മനസ്സിലായില്ല. രണ്ടാം പാപ്പാൻ പറഞ്ഞു. ആനക്ക് പനമ്പട്ടയും വെള്ളവും കൊടുത്തുനോക്കാം. ആളുകൾ ആരൊക്കെയോ ചെന്ന് കുറച്ച് വെള്ളം ആനയുടെ മേൽ ഒഴിച്ചു. ആന പതുക്കെ എഴുന്നേറ്റു.

**അനഘ സി.എസ്.**
എസ്.എൻ.എം.ജി.എൽ.പി.സ്കൂൾ, കൊട്ടുവള്ളിക്കാട്, മൂത്തകുന്നം പി.ഒ., എറണാകുളം.

### സീൻ 4

ആന തുമ്പിക്കൈ ഉയർത്തി ചിന്നം വിളിച്ചു. പുറത്തിരുന്നവരെല്ലാം താഴേക്ക് വീണു. കുട്ടികളും ആളുകളും ചിതറി ഓടി. ചില കുട്ടികൾ ആർത്തു കരഞ്ഞു. എങ്ങും തിക്കും തിരക്കും ബഹളവും മാത്രം.

**ഗൗതം വി.ജെ.**
ആറാം തരം, ജി കെ എസ് ജി വി എച്ച് എസ് എസ്, വെള്ളനാട്, മുണ്ടേല പി.ഒ., തിരുവനന്തപുരം.

# കോഴിപ്പാട്ട്



## ജോസ് ഗോതുരുത്ത്

ചിത്രീകരണം: അരവിന്ദ് വട്ടംകുളം

വേനലവധിക്കാലത്തെ ഒരു ഉച്ചതിരിഞ്ഞ നേരം. ഉമ്മറക്കോലായിലെ ചാരുബഞ്ചിലിരുന്ന് ബാലമാസിക വായിക്കുകയായിരുന്നു മീനു. അടുക്കളമുറ്റത്ത് തള്ളക്കോഴിയുടെ മൂളിപ്പാട്ട കേൾക്കുന്നു. ഉടനെ വന്നു, അമ്മച്ചിയുടെ വിളി. മീനു അടുക്കളയിലേക്കു ചെന്നു.

"നീയാ വിറകുപുരയുടെ മൂലേലുള്ള പഴയ കൊട്ട നിവർത്തി വെയ്ക്ക്. എന്നിട്ട് അതിനകത്ത് ഒരു പഴയ ചാക്ക് മടക്കി വെച്ചോ."

അമ്മച്ചിയുടെ നിർദേശം മീനു അനുസരിച്ചു.

അവൾ വീണ്ടും വായനയിലേക്ക് മടങ്ങി.

അടുക്കളയിൽ നിന്ന് വാഴയില കരിയുന്ന നല്ല മണം. അമ്മച്ചി മൺചട്ടിയിൽ അട ചുടുകയാണ്. വാഴയിലയിൽ പരത്തിയാണ് അട ചുടുന്നത്. വൈകുന്നേരത്തെ ചായക്കുള്ള കടിയാണ്. മീനുവിന്റെ നാവിൽ വെള്ളമൂറി.

അടുക്കളമുറ്റത്ത് തള്ളക്കോഴി വീണ്ടും പാട്ടുപാടി. ഒപ്പം അമ്മച്ചിയുടെ വിളിയായി.

''മീനൂട്ടി കോഴി മുട്ടയിട്ടിട്ടുണ്ട്. നീ, അതു ചെന്നെടുത്തോണ്ട് വാ."

മീനു വിറകുപുരയിലേക്കോടി. കൊട്ടയിൽ നിന്നും മുട്ടയെടുത്തു. ചൂടുള്ള മുട്ട! അതവൾക്ക് ആദ്യത്തെ അനുഭവമായിരുന്നു.

അന്നേരം അവളുടെ മനസ്സിൽ ഒരു സംശയം മുളയെടുക്കുകയായിരുന്നു. അടുക്കളയിലിരിക്കുന്ന അമ്മച്ചിക്ക് എങ്ങനെയാണ് കോഴി മുട്ടയിടാൻ പോകുന്നുണ്ട്; മുട്ട ഇട്ടു കഴിഞ്ഞിട്ടുണ്ട് എന്നൊക്കെ പിടി കിട്ടുന്നത്?

സംശയത്തിന്റെ ചൂടും മുട്ടയുടെ ചൂടുമായി അവൾ അമ്മച്ചിയുടെ അടുത്തേക്ക് ഓടിച്ചെന്നു. കോഴിമുട്ട അമ്മച്ചിയുടെ കയ്യിൽ വെച്ചു കൊടുത്ത് അവൾ ചോദിച്ചു:

" തള്ളക്കോഴി മുട്ടയിടാൻ പോകുന്നെന്നും മുട്ടയിട്ടെന്നുമൊക്കെ അമ്മച്ചിക്ക് എങ്ങനെയാണ് പിടുത്തം കിട്ടുന്നത്?''

"നെറ്റിയിലേക്ക് പാറിവീണ ഏതാനും നരച്ച മുടിയിഴകളെ മാടിയൊതുക്കി വെച്ച് ചെറുപുഞ്ചിരിയോടെ അമ്മച്ചി പറഞ്ഞു:

"ങ്ഹാ അതൊക്കെ ഒരു കഴിവാണെന്ന് കൂട്ടിക്കോളൂ.."



"ശരി, ന്നാലും ആ കഴിവ് ഈ മോളോടും ഒന്നു പറഞ്ഞൂടേ?" മീനുവും വിട്ടില്ല.

അമ്മച്ചി പറഞ്ഞു തുടങ്ങി.'' ഇങ്ങനെയുള്ള കഴിവുകളൊന്നും പള്ളിക്കൂടത്തീന്ന് കിട്ടൂല്ലാ. അതൊക്കെ ജീവിതപരിസരത്തു നിന്നു വേണം കിട്ടാൻ. നമ്മുടെ കണ്ണും കാതും തുറന്നു വെക്കണം എപ്പോഴും. അപ്പ കിട്ടും. മുട്ടയിടാൻ പോകുമ്പോ കോഴിക്കൊരു മൂളിപ്പാട്ടുണ്ട്. മുട്ടയിട്ടു പോരുമ്പോ മറ്റൊരു പാട്ടുണ്ട്. ഈ പാട്ടൊന്നു ശ്രദ്ധിച്ചാൽ സംഗതി പിടികിട്ടും. അത്ര തന്നെ."

അമ്മച്ചി അടുക്കളപ്പണിയിലേക്ക് തിരിച്ചുപോയി. അപ്പോഴും ഉച്ചത്തിലുള്ള കോഴിപ്പാട്ട് മീനുവിന് കേൾക്കാമായിരുന്നു.



# കടൽക്കുതിരകളുടെ ലോകം



ഡോ. നിധിൻ. സി. ടി

കടൽക്കുതിരകളെപ്പറ്റി നിങ്ങൾ കേട്ടിരിക്കുമല്ലോ. ഇവയുടെ, കുതിരയുടെതു് പോലുള്ള തലയും കുരങ്ങന്റേതു് പോലുള്ള നീണ്ട വാലുകളും കങ്കാരുവിന്റേതു് പോലുള്ള ഉദരസഞ്ചികളും ആരുടെയും ശ്രദ്ധ ആകർഷിക്കാൻ പോന്നവയാണ്. കടൽക്കുതിരകളെപ്പറ്റി കുറച്ചുകൂടി കാര്യങ്ങൾ മനസ്സിലാക്കിയാലോ?

ഇവയുടെ ശാസ്ത്രനാമം *"ഹിപ്പോകാമ്പസ്സ് (Hippocampus)"* എന്നാണ്. ഗ്രീക്ക് പദങ്ങളായ 'ഹിപ്പോസ്', 'കംപോസ്' എന്നിവ ചേർത്താണ് ഈ പേര് ഉണ്ടാക്കിയിരിക്കുന്നത്. ഹിപ്പോസ് എന്ന പദത്തിന് കുതിര എന്നാണർത്ഥം. വൻജലജന്തു എന്നതാണ് കംപോസ്സിന്റെ അർത്ഥം.



കടൽക്കുതിരകൾ പവിഴപ്പുറ്റുകൾക്കിടയിൽ




രൂപത്തിൽ സാമ്യം കരജന്തുക്കളോടാണെങ്കിലും, കടൽക്കുതിരകൾ യഥാർത്ഥത്തിൽ മത്സ്യങ്ങളാണ്. നീണ്ട നട്ടെല്ലും, ചെകിളകളിലൂടെയുള്ള ശ്വസനവും, ചിറകുകൾ കൊണ്ടുള്ള സഞ്ചാരവുമാണ് കടൽക്കുതിരകളെ മത്സ്യങ്ങളുടെ ബന്ധുവാക്കുന്നത്. എന്നാൽ, ഇവരുടെ ശരീരത്തിൽ മത്സ്യങ്ങളെപ്പോലെ ചിതമ്പലുകളില്ല. എല്ലുകൊണ്ട് നിർമിച്ച വളയങ്ങൾ ശരീരത്തിലാകമാനം കാണാം. കടൽക്കുതിരകളിലെ വിവിധയിനങ്ങളെ തിരിച്ചറിയാനുള്ള ഒരു പ്രധാന മാർഗമാണ് ഈ വളയങ്ങളുടെ എണ്ണം. ഇവയുടെ തലയിൽ ചെറിയൊരു കിരീടം (Coronet) കാണാം. നമ്മുടെ കൈയ്യടയാളങ്ങൾ പോലെ. ഈ കിരീടത്തിന്റെ ആകൃതി ഓരോ കടൽക്കുതിരയ്ക്കും വ്യത്യസ്തമാണത്രെ!

ഉദരസഞ്ചിയാണ് പെൺ കടൽക്കുതിരകളിൽ നിന്നും ആൺ കടൽക്കുതിരകളെ വ്യത്യസ്തരാ


ക്കുന്നത്. പ്രത്യുൽപ്പാദനപരമായി കൂടുതൽ ഉത്തരവാദിത്വം ആണുങ്ങൾക്കാണ്. പെൺ കടൽക്കുതിരകൾ അവയുടെ മുട്ടകൾ ഈ ഉദര സഞ്ചിയിൽ നിക്ഷേപിക്കും. ഒരുതവണ 1500 മുട്ടകൾ വരെ നിക്ഷേപിക്കപ്പെടാം. വിരിയുന്നതു വരെ ഈ മുട്ടകൾ കാത്തുസൂക്ഷിച്ച് കൊണ്ടുനടക്കേണ്ടത് ആൺ കടൽക്കുതിരകളാണ്. മുട്ടകൾ വിരിയാൻ ഒൻപത് മുതൽ നാൽപ്പത്തിയഞ്ച് വരെ ദിവസങ്ങളെടുക്കാം. മുട്ടകൾ വിരിയുന്നതോടെ, ഉദരപേശികളുടെ പ്രത്യേക ചലനത്താൽ ആൺ കടൽക്കുതിരകൾ കുഞ്ഞുങ്ങളെ പുറത്തേക്ക് തള്ളുന്നു. കടൽക്കുതിരകൾ കുഞ്ഞുങ്ങളെ സംരക്ഷിക്കാറില്ല. ഓരോ പ്രാവശ്യവും ആയിരത്തോളം കുഞ്ഞുങ്ങൾ ഇപ്രകാരം പുറത്തുവരുമെങ്കിലും, ഒരു ശതമാനത്തിൽ താഴെ മാത്രമേ വളർന്നു വലുതാവാറുള്ളൂ. കടൽച്ചെടികളിലും പവിഴപ്പുറ്റുകളിലും പറ്റിപ്പിടിച്ച് വളരുന്ന കുഞ്ഞുങ്ങളിൽ ഭൂരിഭാഗവും ഏതെങ്കിലും കടൽജന്തുക്കൾക്ക് ഇരയാവുന്നു. പരിസ്ഥിതിവ്യതിയാനങ്ങളും ഇവയുടെ നിലനിൽപ്പിന് ഭീഷണിയാണ്.

വളരെ മോശം നീന്തൽക്കാരാണ് കടൽക്കുതിരകൾ. മുതുകിലെയും തലയിലെയും ചിറകുകൾ ഉപയോഗിച്ച് തിരശ്ചീനമായാണ് അവ നീന്തുക. മണിക്കൂറിൽ ഒന്നര മീറ്ററാണ് പരമാവധി വേഗത. ഏതെങ്കിലും ചെടിയിലോ വള്ളിയിലോ വാൽ ചുറ്റിപ്പിടിച്ച് കഴിഞ്ഞുകൂടാനാണ് ഇവർക്കിഷ്ടം.

എല്ലാ സമുദ്രങ്ങളിലും അഴിമുഖങ്ങളിലും കടൽക്കുതിരകളുടെ സാന്നിധ്യമുണ്ട്. കടൽപ്പായലുകൾക്കിടയിലും, പവിഴപ്പുറ്റുകൾക്കിടയിലുമാണ് സാധരണ ഇവയെ കണ്ടുവരാറുള്ളത്. ചുറ്റുപാടുകൾക്ക് അനുസരിച്ച് നിറം മാറുവാനും, രണ്ടു കണ്ണുകളും ഒരേസമയം വിപരീതദിശയിൽ ചലി



പിഗ്മി കടൽക്കുതിരകൾ
(Pigmy Seahorses)




കടൽക്കുതിരകളിലെ ആൺ പെൺ വ്യത്യാസം

ഷിക്കാനും ഇവയ്ക്കാവും. എളുപ്പത്തിൽ ഇരപിടിക്കാനും ശത്രുക്കളിൽ നിന്ന് രക്ഷപ്പെടാനും ഈ കഴിവുകൾ അവയെ സഹായിക്കുന്നു.

നീണ്ട കൊക്കുകൾ ഒരു സിറിഞ്ച് പോലെ ഉപയോഗിച്ചാണ് കടൽക്കുതിരകൾ ഇരപിടിക്കുന്നത്. ചെറിയ ചെമ്മീനുകളും ജന്തു പ്ലവകങ്ങളുമാണ് ഇഷ്ട ഭക്ഷണം. കടൽക്കുതിരകൾക്ക് ആമാശയം ഇല്ല എന്നതാണ് മറ്റൊരു കൗതുകകരമായ വസ്തുത. അതുകൊണ്ടുതന്നെ തുടർച്ചയായി ഭക്ഷണം കഴിച്ചുകൊണ്ടിരിക്കേണ്ടത് അവരുടെ ജീവൻ നിലനിർത്താൻ അത്യന്താപേക്ഷിതമാണ്.

കടൽക്കുതിരകൾ പല വലിപ്പത്തിലും നിറത്തിലും രൂപത്തിലും കാണപ്പെടുന്നു. കുടവയറൻ കടൽക്കുതിരകളാണ് (Pot–bellied Seahorses) വലിപ്പത്തിൽ മുമ്പന്മാർ. ഏകദേശം മുപ്പത്തിയഞ്ച് സെന്റീമീറ്റർ വരെ ഇവയ്ക്ക് വലിപ്പം വയ്ക്കും. കടൽക്കുതിരകൾക്കിടയിലെ കുഞ്ഞന്മാർ പിഗ്മി കടൽക്കുതിരകളാണ് (Pigmy Seahorses). പതിനഞ്ച് മില്ലീമീറ്റർ മാത്രമാണ് ഈ കുഞ്ഞന്മാരുടെ പരമാവധി വളർച്ച.



കടൽ വ്യാളികൾ (Sea Dragons)



പൈപ്പ് മത്സ്യങ്ങൾ (Pipe Fishes)

ജനിതകപരമായി കടൽക്കുതിരകൾ പൈപ്പ് മത്സ്യങ്ങളുടെ (Pipe Fishes) പിന്തുടർച്ചക്കാരാണ്. കടൽക്കുതിരകളുടെ വിഭാഗത്തിൽപ്പെടുന്ന മറ്റൊരു ജീവിവർഗമാണ് കടൽ വ്യാളികൾ (Sea Dragons). പേരുകേട്ട് പേടിക്കേണ്ട. ഏതാണ്ട് ഇരുപത്തിയഞ്ച് സെന്റീമീറ്റർ മാത്രം വലിപ്പം വയ്ക്കുന്ന ചെറുമത്സ്യങ്ങളാണിവ. ഒറ്റനോട്ടത്തിൽ ഏതോ കടൽച്ചെടിയുടെ തണ്ട് ഒഴുകി നടക്കുന്നതാണെന്നേ തോന്നൂ. കടൽക്കുതിരകളെ പോലെ കടൽ വ്യാളികൾക്കിടയിലും മുട്ടകൾ കാത്തുസൂക്ഷിക്കുന്നത് ആണുങ്ങളാണ്. എന്നാൽ കടൽ വ്യാളികൾക്ക് ഉദരസഞ്ചികളില്ല. പകരം വാലിനോട് ചേർന്നുള്ള നേരിയ സ്തരത്തിനുള്ളിലാണ് ഇവ മുട്ടകൾ സൂക്ഷിക്കുന്നത്.

ലോകമൊട്ടുക്കും അലങ്കാരമത്സ്യ പ്രേമികളുടെ പ്രിയതാരമാണ് കടൽക്കുതിരകൾ. ആദ്യകാലങ്ങളിൽ അലങ്കാരമത്സ്യ വിപണിക്കായി ഇവയെ ധാരാളമായി വേട്ടയാടിയിരുന്നു. സ്വാഭാവിക ആവാസവ്യവസ്ഥയുടെ നശീകരണവും വൻതോതിലുള്ള ആഴക്കടൽ മത്സ്യബന്ധനവും കടൽക്കുതിരകളുടെ നിലനിൽപ്പിന് ഭീഷണിയുയർത്തുന്നു. ഇതിനുപുറമെ, പരമ്പരാഗത മരുന്നുകൾ നിർമിക്കുവാനും കടൽക്കുതിരകളെ വൻതോതിൽ പിടിച്ചെടുക്കുന്നു. ഓരോ വർഷവും ഏകദേശം രണ്ടുകോടി കടൽക്കുതിരകൾ വേട്ടയാടപ്പെടുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇപ്പോൾ, ഇവയുടെ കൃത്രിമ പ്രജനന രീതി നമുക്ക് സ്വായത്തമാണെന്നത് ഒരനുഗ്രഹമാണ്. എന്നിരുന്നാലും, തക്കതായ മുൻകരുതലുകൾ സ്വീകരിച്ചില്ലെങ്കിൽ ഈ സുഹൃത്തുക്കളെ നമുക്ക് എന്നെന്നേക്കുമായി നഷ്ടപ്പെടാം.

(ചിത്രങ്ങൾക്ക് കടപ്പാട് en.wikipedia.org, naturalhistory2.si.edu)

സ്കാൻ ചെയ്യൂ,
കടൽക്കുതിരയെ
കാണാം

# കഞ്ഞി വെക്കുമ്പോൾ ഒരു തവി അതിലിട്ടേക്കൂ...



കെ.പാപ്പൂട്ടി

ചിത്രീകരണം: കെ.സതീഷ്

ഒരു പാത്രത്തിൽ വെള്ളമെടുത്ത് (വക്കോളം നിറയ്ക്കണ്ട) തിളപ്പിച്ചുനോക്കൂ. അതു തിളച്ചുതൂവില്ല. എന്നാൽ കഞ്ഞി വെക്കുമ്പോഴും പാല് കാച്ചുമ്പോഴും തിളച്ചുതൂവാറുണ്ടുതാനും. എന്താ കാരണം?

അതറിയാൻ ഒരു പരീക്ഷണം ചെയ്തു നോക്കാം. പാത്രത്തിൽ തിളപ്പിക്കാൻ എടുത്ത വെള്ളത്തിനു മീതെ, അതേ വട്ടത്തിൽ അൽപ്പം കട്ടിയുള്ള ഒരു പ്ലാസ്റ്റിക് ഷീറ്റ് മുറിച്ചെടുത്ത് വിരിക്കുക. വെള്ളം തിളപ്പിച്ചാൽ എന്തു സംഭവിക്കും? ആവിയാകുന്ന വെള്ളത്തിന് പുറത്തു കടന്നു രക്ഷപ്പെടാൻ കഴിയാതെ വരും. അത് പ്ലാസ്റ്റിക് ഷീറ്റിനെ തള്ളിക്കൊണ്ടുവന്ന്, മുകളിലെത്തുമ്പോൾ വശങ്ങളിലൂടെ തൂവുന്നു.

പാലിന്റെ കാര്യത്തിലോ? അവിടെ പ്ലാസ്റ്റിക്ക് ഷീറ്റിനു പകരം പാൽപ്പാട (പാലിലെ കൊഴുപ്പ്) ആണ് ആവിയെ തടയുന്നത്. പാല് ഇടയ്ക്ക് ഇളക്കിക്കൊടുത്താൽ ഈ പാട പൊട്ടും. ആവി അതുവഴി പുറത്തുപോകും. അല്ലെങ്കിൽ പാടയും പാലും കൂടി പുറത്തേക്ക് തൂവും. കഞ്ഞി തിളയ്ക്കുമ്പോൾ പാട സൃഷ്ടിക്കുന്നത് സ്റ്റാർച്ചാണ്.

പാലിന്റെ കാര്യത്തിൽ അതു തിളയ്ക്കുംവരെ അടുത്തുനിന്നിളക്കാൻ പ്രയാസമില്ല. അതിനു കുറച്ചു സമയം മതിയല്ലോ. പക്ഷേ, കഞ്ഞിയുടെ കാര്യത്തിൽ അരി വേവും വരെ ഇളക്കിക്കൊണ്ടിരിക്കുക ബുദ്ധിമുട്ടുള്ള കാര്യമാണ്. അതിനിടെ കറിയുടെ കാര്യം കൂടി നോക്കണ്ടേ. അപ്പോൾ എന്തു ചെയ്യും? ഒരു ചിരട്ടത്തവി (കയില് – വെറുതെ എന്തിനീ എരിയും വെയിലത്ത് കയിലും കുത്തി ഇരിക്ക്ണ് എന്ന വരി ഓർമയില്ലേ?) കഞ്ഞിപ്പാത്രത്തിൽ ഇട്ടുവെക്കുക. തവിയുടെ കണ (തണ്ട്) പുറത്തേക്കു തള്ളി, പാത്രത്തിന്റെ വക്കിൽ താങ്ങി, ചരിഞ്ഞു നിൽക്കണം (കണ കുത്തനെ ആയാൽ ഫലം ചെയ്യില്ല.) അപ്പോൾ എന്തു സംഭവിക്കും? ചരിഞ്ഞ കണയുടെ മുകൾ ഭാഗത്തോട് തൊട്ടുനിൽക്കുന്ന പാടയുടെ ഭാഗം ഉയരുമ്പോൾ വേർപെട്ട് ആവി ആ വിടവിലൂടെ പുറത്തേക്കു പോകും. തിളച്ചുതൂകില്ല. (കയിൽക്കണ കുത്തനെ ആണെങ്കിലോ? പാട മുറിയില്ല. അല്ലെങ്കിൽ അത്ര പശിമയുള്ള പാടയാകണം).



എന്തിനാ ചിരട്ടക്കയിൽ (തവി) വേണമെന്ന് പറഞ്ഞത്. സ്റ്റീലോ അലൂമിനിയമോ പോരേ? മതി, പക്ഷേ അൽപ്പം ഊർജനഷ്ടം സംഭവിക്കും. ലോഹസ്പൂൺ വേഗം ചൂടായി, വികിരണം വഴി (മുങ്ങാത്ത ഭാഗത്തുനിന്ന്) ചൂട് നഷ്ടപ്പെടും. (അതുകൊണ്ടാണല്ലോ ചായ വേഗം തണുത്തുകിട്ടാൻ നമ്മൾ സ്പൂണിട്ടു വെക്കുന്നത്.)

പാലുകാച്ചുമ്പോഴും ഒരു തവിയോ സ്പൂണോ ഇട്ടുവെക്കുന്നത് തിളച്ചു തൂവാതിരിക്കാൻ നല്ലതാണ്.



# വെള്ളത്തിന് നനവുണ്ടായതെങ്ങനെ ?

പുനരാഖ്യാനം :
**ഡോ. സംഗീത ചേനംപുല്ലി**

ചിത്രീകരണം: കെ.സതീഷ്




ഈ ഭൂമിയിലെ എല്ലാ വസ്തുക്കളും എന്തു കൊണ്ടുണ്ടാക്കപ്പെട്ടിരിക്കുന്നു – വെള്ളം, മണ്ണ്, വീടുകൾ, യന്ത്രങ്ങൾ, ചെടികൾ, മൃഗങ്ങൾ, നമ്മളും– എല്ലാമെല്ലാം എന്ന് ഞാൻ നിങ്ങളോട് ചോദിച്ചാൽ എന്തായിരിക്കും ഉത്തരം? നിങ്ങളുടെ മറുപടി ഇങ്ങനെയായിരിക്കും എന്ന് ഞാൻ കരുതുന്നു: " ലോകത്തുള്ള എല്ലാ വസ്തുക്കളും ആറ്റങ്ങൾ എന്ന ചെറുകണങ്ങൾ കൊണ്ടാണ് നിർമി ച്ചിരിക്കുന്നത്." നിങ്ങൾ പറഞ്ഞത് ശരിയാണ്, പക്ഷേ, അത് മുഴുവനായും ശരിയുമല്ല. ഞാനെന്താണ് ഉദ്ദേശിച്ചതെന്നു പറയാം.

നിങ്ങളെന്നോട് ഈ ചോദ്യം ചോദിക്കുന്നു എന്ന് കരുതൂ, " ഈ പുസ്തകത്തിന്റെ ഉള്ളടക്കം എന്തു കൊണ്ട് നിർമിക്കപ്പെട്ടിരിക്കുന്നു?"

"അക്ഷരങ്ങൾ." എന്റെ ഉത്തരം ശരിയാണ്, എന്നാലോ അത് പകുതി മാത്രമാണ് ശരി. "പുസ്തകത്തിന്റെ ഉള്ളടക്കം വാക്കുകൾ

**കൊറോണ ജോക്സ്**



## ഹലോ.. ഹലോ..

"താങ്ക്യൂ കൊറോണ. താങ്കൾ കാരണം എന്നെ ജനങ്ങൾ പല രൂപത്തിൽ ഇഷ്ടപ്പെടുന്നു.

ചക്ക പ്രഥമൻ,
ചക്ക ഉപ്പേരി,
ചക്ക എരിശ്ശേരി
ചക്കക്കറി,
ചക്കക്കുരു ജ്യൂസ്...
പിന്നെ മറ്റൊന്ന്

ഇതൊന്നും കേട്ട് വെള്ളമിറക്കി ഈ പരിസരത്തൊന്നും അലയേണ്ട കേട്ടോ..

എത്രയും പെട്ടെന്ന് സ്ഥലം വിടുന്നതാ നിനക്കും, ഞങ്ങൾക്കും നല്ലത്. "



**എം.വി.മനോജ്**

കൊണ്ടും, വാക്കുകൾ അക്ഷരങ്ങൾ കൊണ്ടും നിർമിക്കപ്പെട്ടിരിക്കുന്നു" എന്ന് നിങ്ങൾ എന്റെ ഉത്തരത്തോട് കൂട്ടിച്ചേർക്കും.

അക്ഷരങ്ങൾ കൂട്ടിച്ചേർത്ത് വാക്കുകളുണ്ടാക്കാൻ കഴിഞ്ഞിരുന്നില്ലെങ്കിൽ നമുക്ക് ഏറ്റവും ലളിതമായ പുസ്തകം പോലും എഴുതാനാകുമായിരുന്നില്ല. നമുക്ക് നാൽപ്പത്തിയെട്ട് അക്ഷരങ്ങളാണ് ഉള്ളത്, പക്ഷേ, അവ ഉപയോഗിച്ച് ആയിരക്കണക്കിന് വാക്കുകൾ ഉണ്ടാക്കാൻ കഴിയും. ഈ വാക്കുകൾ കൊണ്ട് എത്രയെത്ര പുസ്തകങ്ങളും കത്തുകളും പാട്ടുകളും ലേഖനങ്ങളുമാണ് എഴുതപ്പെട്ടിട്ടുള്ളത്.

അക്ഷരമാലയിലെ അക്ഷരങ്ങളേക്കാൾ കൂടുതൽ പലതരം ആറ്റങ്ങൾ ഉണ്ട്. എന്നാൽ അത് ഒരുപാട് അധികവുമല്ല. ഇപ്പോൾ ഞാനീ പുസ്തകം എഴുതിക്കൊണ്ടിരിക്കുന്ന സമയത്ത് ആറ്റങ്ങളുടെ അക്ഷരമാലയിൽ നൂറ്റിപ്പതിനെട്ട് അക്ഷരങ്ങളാണ് ഉള്ളത്. ഇവയിൽ പലതും പ്രകൃതിയിൽ സ്വാഭാവികമായി കാണുന്നതുമല്ല, ശാസ്ത്രജ്ഞന്മാർ കൃത്രിമമായി നിർമിച്ചെടുത്തവയാണ്. ആറ്റങ്ങൾക്ക് പരസ്പരം കൂടിച്ചേരാൻ കഴിഞ്ഞില്ലായിരുന്നു എങ്കിൽ ആകെ നൂറ്റിപ്പതിനെട്ട് തരം വസ്തുക്കളേ ലോകത്ത് ഉണ്ടാകുമായിരുന്നുള്ളൂ. അത് എത്ര ശുഷ്കവും വിരസവും നിറങ്ങളില്ലാത്തതുമായ ലോകമായേനെ. ഒരു പേജിൽ ഒരക്ഷരം, രണ്ടാം പേജിൽ മറ്റൊന്ന് അങ്ങനെ ഓരോ പേജിലും ഓരോ അക്ഷരം വെച്ച് നൂറ്റിപ്പതിനെട്ട് പേജുകൾ മാത്രമുള്ള ഒരു പുസ്തകമായിരിക്കും അപ്പോഴുണ്ടാവുക.

പക്ഷേ, നിങ്ങൾക്കറിയാം, ലോകം അങ്ങനെയല്ല. മുറിക്കുള്ളിൽ നിന്ന് പുറത്തിറങ്ങുക പോലും ചെയ്യാതെ തന്നെ ആയിരക്കണക്കിന് പലതരം വസ്തുക്കളെ നിങ്ങൾക്കെണ്ണാനാവും. ഇപ്പോൾ തന്നെ വ്യത്യസ്ത സ്വഭാവങ്ങളുള്ള ലക്ഷക്കണക്കിന് വസ്തുക്കളെ ശാസ്ത്രത്തിനറിയാം. ഓരോ ദിവസവും ഈ എണ്ണം കൂടിക്കൂടി വരുന്നുമുണ്ട്. അക്ഷരങ്ങൾ കൂടിച്ചേർന്ന് വാക്കുകൾ ഉണ്ടാകും പോലെ, ആറ്റങ്ങൾക്ക് കൂടിച്ചേരാൻ കഴിയുന്നതുകൊണ്ടാണ് ഈ വൈവിധ്യം സാധ്യമായത്.

(മൈലെൻ കോൺസ്റ്റാന്റിനോവ്സ്കിയുടെ why is water wet കൃതിയെ ആധാരമാക്കി)

(തുടരും)

# അടിതെറ്റിയാൽ



## ശിവപ്രസാദ് പാലോട്

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

സ്കൂൾ വിട്ടാൽ പിന്നെ വീട്ടിലേക്ക് ഒരു ഓട്ടമാണ്. ആരാദ്യം എത്തും എന്ന മത്സരം അതിനിടയിൽ പോകും വഴികളിലെ കാഴ്ചകൾ എല്ലാം കാണണം. വണ്ടിനോടും തുമ്പിയോടും സംസാരിക്കണം. ഓട്ടത്തിനിടക്കും തിരക്കോട് തിരക്കാണ് എല്ലാവർക്കും.

അതിനിടയിലാണ് ദീപു എടുത്തടിച്ചു വീണത്. ബാഗും കുടയുമെല്ലാം തെറിച്ചുപോയി. ആദ്യം എല്ലാർക്കും ചിരി വന്നു. അവന്റെ നിൽപ്പും ഭാവവും കണ്ടാൽ ആർക്കും ചിരിക്കാനേ തോന്നൂ. പക്ഷേ, വീണവന് കരഞ്ഞല്ലേ പറ്റൂ...



എല്ലാരും ചേർന്ന് അവനെ ഒരുവിധം സമാധാനപ്പെടുത്തി. തെറിച്ചുപോയ ബാഗും കുടയും എടുത്തുകൊടുത്തു. അവിടിവിടെ ഉരഞ്ഞു തൊലി പോയിട്ടുണ്ട്. കുപ്പായത്തിൽ അപ്പടി അഴുക്കും. അപ്പോഴാണ് ദീപു ആ യുദ്ധപ്രഖ്യാപനം നടത്തിയത്,

"ആ നശിച്ചവനെ എന്റെ കയ്യിൽ കിട്ടിയാൽ..."

"ആരെയാ ദീപൂ..." എല്ലാരും കൂടി ചോദിച്ചു.

"അവനെത്തന്നെ, അവനാ എന്നെ വീഴ്ത്തിയത്?"

"ആരാ ആരാ..." ആർക്കും ഒന്നും മനസ്സിലായില്ല.

"നിന്നെ ആരു വീഴ്ത്തിയെന്നാ ദീപൂ... നീ അല്ലായിരുന്നോ മുന്നിൽ. ഞങ്ങളൊക്കെ പിറകിൽ. നീ വീഴുന്നതു മാത്രമേ ഞങ്ങൾ കണ്ടുള്ളൂ. അവിടെ വേറാരും ഉണ്ടായിരുന്നതുമില്ല."

"അവനെ എന്റെ കയ്യിൽ കിട്ടും. ദീപു വിടാൻ ഭാവമില്ല."

"നീ ഒന്നു തെളിച്ചു പറ ദീപൂ.. ആരാ നിന്നെ വീഴ്ത്തിയത്?" ആദിത്യൻ അവനെ സോപ്പിട്ട് ചോദിച്ചു.

"അതോ... റോഡിൽ ആ പഴത്തൊലി ഇട്ടവനെ."

"ആഹാ അപ്പോൾ നീ പഴത്തൊലി ചവിട്ടിയാണോ വീണത്. ഞങ്ങളാരും അതു കണ്ടില്ല ട്ടോ... പഴത്തൊലിയിൽ ചവിട്ടിയാൽ ആരും വീഴില്ലേ ദീപൂ..."

"അതെന്താ ഏട്ടാ അങ്ങിനെ പഴത്തൊലിയിൽ ചവിട്ടിയാൽ എല്ലാരും വീഴണത്?" ഹരിത ആദിത്യനോട് ചോദിച്ചു.

"അതൊന്നും എനിക്കറിയില്ല. പഴത്തൊലിയിൽ ചവിട്ടിയാൽ വീഴും അതുറപ്പാ."

"ആരോടാപ്പൊന്ന് ചോദിക്കാ. പോകണ വഴിക്ക് അരുണേട്ടൻ വായനശാലേലുണ്ടെങ്കിൽ

ചോദിക്കാം. ഉണ്ടായാ മതിയായിരുന്നു."

"മനുഷ്യനിവിടെ വേദനിച്ചിട്ട് വയ്യ, അപ്പോളാ അവളുടെ ചോദ്യോം ഉത്തരവും." ദീപു അവളുടെ നേരെ തിരിഞ്ഞു.

നടന്നു നടന്ന് അവർ വായനശാലയുടെ അടുത്തെത്തി. അരുണേട്ടൻ കസേരയിൽ ചാഞ്ഞിരിക്കുന്നുണ്ട്. ഏതോ പുസ്തകത്തിന്റെ ഉള്ളിലാണ് മൂപ്പർ. എല്ലാരും കൂടി വായനശാലയിലേക്ക് കയറി.

ഹരിത ചോദ്യപ്പെട്ടി പൊട്ടിച്ചു.

"അതേ അരുണേട്ടാ... ഈ പഴത്തൊലിയിൽ ചവിട്ടിയാൽ എല്ലാരും എന്താ വീഴണേ.."



"അതിനിപ്പോ ആരാ പഴത്തൊലിയിൽ ചവിട്ടി വീണത്?"

"ദീപുവാ അരുണേട്ടാ. വരണ വഴി ആരോ ഇട്ട പഴത്തൊലിയിൽ ചവിട്ടി വീണതാ. അരുണേട്ടൻ ചോദ്യത്തിന് ഉത്തരം പറ."

"ഉത്തരത്തിന് മുമ്പ് നമ്മൾക്കിത്തിരി കാരംസ് കളിച്ചാലോ?"

"ഈ അരുണേട്ടന് എപ്പളും കളിയാ. അതിന്റെ ഉത്തരം പറ."

"അതു പറയാം കാരംസ് കളിക്കുമ്പോ പറയാം."

എല്ലാരും കാരംസ് ബോർഡിന്റെ അടുത്തെത്തി. അരുണേട്ടൻ കാരംസ് എടുത്ത് ബോർഡിലേക്കിട്ടു.

"ദീപൂ... നീ ആദ്യം കളിക്ക്."

ദീപു കളി തുടങ്ങി.

"കോയിൻ നീങ്ങുന്നില്ല അരുണേട്ടാ."

"അതെന്താ നീങ്ങാത്തേ? അതിന്റെ ഉത്തരം പറഞ്ഞാൽ പഴത്തൊലിയിൽ ചവിട്ടിയാൽ എല്ലാരും വീഴണതിന്റെ കാരണം പറഞ്ഞുതരാം."

എല്ലാവരും ആലോചനയിലായി.

"എന്നാൽ ഞാൻ ഒരു സൂത്രം ചെയ്യാം. അതു കണ്ട് നിങ്ങൾ ഒന്നു കൂടി ആലോചിക്ക്."

അരുണേട്ടൻ ഒരു ചെറിയ ഡപ്പി എടുത്ത് അതിൽ നിന്നും കുറച്ചു പൗഡർ കാരംസ് ബോർഡിലേക്കിട്ടു.

"ദീപൂ ഇനി ഒന്നുകൂടി കളിച്ചുനോക്ക്."

"അരുണേട്ടാ, ഇപ്പോൾ കോയിൻ നന്നായി നീങ്ങുന്നുണ്ടല്ലോ."

"ശരി. ഇപ്പോ ദീപൂന് പഴത്തൊലി ചവിട്ടി വീണതിന്റെ കാരണം പിടികിട്ടിയോ?"

"ഇല്ലല്ലോ അരുണേട്ടാ. അരുണേട്ടൻ തന്നെ പറ."

"ദീപൂ, നമ്മൾ കോയിനെ ചലിപ്പിക്കുമ്പോൾ അതിന്റെ അടിവശവും കാരംസ് ബോർഡിന്റെ ഉപരിതലവും തമ്മിൽ ഉരഞ്ഞല്ലേ പോവുക. ഇത് ഒരു തരം ബലമാണ്. അതാണ് ഘർഷണബലം. പിന്നെ പൗഡർ ഇട്ടപ്പോൾ ഈ ഉരസൽ കുറഞ്ഞു. അതാണ് കോയിൻ എളുപ്പത്തിൽ ചലിച്ചത്."

"പൗഡറും പഴത്തൊലിയും തമ്മിൽ...?" ഹരിത തലചൊറിഞ്ഞുകൊണ്ട് ചോദിച്ചു.

"അതേ. അവിടെയും ഘർഷണവുമായി ബന്ധമുണ്ട്. നമ്മൾ നടക്കുമ്പോൾ നമ്മുടെ ചെരിപ്പും ഭൂമിയും തമ്മിൽ ഘർഷണം ഉള്ളതുകൊണ്ടാണ് നമുക്ക് നല്ല പിടുത്തം കിട്ടുന്നത്."

"പിടി കിട്ടി... പിടി കിട്ടീ... പഴത്തൊലിയുടെ വശം നല്ല മിനുസമാണ്. അപ്പോ അതിനുമീതേ ചവിട്ടിയപ്പോൾ ഘർഷണം ഉണ്ടായില്ല. അതോടെ ദീപുവിന്റെ സ്പീഡ് കൂടി. ദീപു അതോടെ തരികിട തിത്തോം..."

ആദിത്യൻ ഉത്തരം കിട്ടിയ സന്തോഷത്തിൽ ഉറക്കെ പറഞ്ഞു.

"അതേ, അതു തന്നെ കാരണം. ഗേറ്റ് തിരിയാതെ വരുമ്പോളും തുന്നൽ മെഷീനുമൊക്കെ എണ്ണ കൊടുക്കുന്നത് കണ്ടിട്ടില്ലേ. അതൊക്കെ ഘർഷണം കുറയ്ക്കാനാണ്."

"അപ്പോ, ഈ ഘർഷണം കൂട്ടാൻ എന്തെങ്കിലും വഴിയുണ്ടോ?"

"ഉണ്ടല്ലോ ദീപൂ, പുതിയ ചെരിപ്പിന്റെ അടിഭാഗം നോക്കിയിട്ടില്ലേ? സൈക്കിളിന്റെ പുതിയ ടയർ കണ്ടിട്ടില്ലേ? അതിന്റെ പുറംഭാഗം നല്ല ചാലുകളും അടയാളങ്ങളും കണ്ടിട്ടില്ലേ? അത് ഘർഷണം കൂട്ടാനാണ്. റോഡിൽ നല്ല പിടുത്തം കിട്ടാനാണ്."

"ദീപു ഒന്നു വീണാലെന്താ, എന്തൊക്കെ കാര്യം മനസ്സിലായി. അതോണ്ട്..."

ആദിത്യൻ ദീപുവിന്റെ മുതുകിൽ തട്ടി പറഞ്ഞു.

"കാര്യമൊക്കെ ശരി. വേഗം വീട്ടിൽ പോ. മഴ വരുന്നുണ്ട്. ദീപു പോണ വഴിക്ക് സൂക്ഷിക്കണംട്ടോ... പഴത്തൊലി ഉണ്ടെങ്കിൽ ചവിട്ടാൻ മറക്കണ്ട." അരുണേട്ടന്റെ പറച്ചിൽ കേട്ട് എല്ലാരും ചിരിയോ ചിരി.

## കാഴ്ചപ്പുറം

സുരഭിവചന

### ദിനാചരണം

# ഒരു കൈ

ദേശീയ ജീവകാരുണ്യ ദിനം ആചരിക്കാൻ ഐക്യ രാഷ്ട്രസഭയാണ് തീരുമാനിക്കുന്നത്. 2009 മുതൽ എല്ലാ വർഷവും ഈ ദിനം ആഗസ്റ്റ് 19 ന് ആചരിക്കുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ യുദ്ധങ്ങളിലും വംശീയ കലാപങ്ങളിലും ക്രൂരമായ ദ
പരിചരണവും സേവനവും നൽകാൻ സമയം കണ്ടെത്താനാണ് ഈ ദിനം ആഹ്വാനം ചെയ്യ

മനുഷ്യസ്നേഹികളുടെ പ്രവർത്തനങ്ങളെ അംഗീകരിക്കാനും അവർ പറയുന്ന ഉന്നതമായ
എത്തിക്കാനും ഈ ദിനം ആഹ്വാനം ചെയ്യുന്നു.

ദുരിതങ്ങളും ദുരന്തങ്ങളും ഏറി വരുന്ന പുതിയ കാലഘട്ടത്തിൽ ജീവകാരുണ്യ പ്രവർത്തന
റിയേണ്ടതുണ്ട്.

### സമ്മാനച്ചോദ്യം



**ഇത് ഏത് സംഭവം? ഫോട്ടോ തിരിച്ചറിയൂ.**

ഉത്തരം 9497172919 വാട്സ് ആപ്പ് ചെയ്യൂ.

### വിശേഷ വർത്തമാനം

# യുദ്ധവിമാനം

യുദ്ധവിമാനങ്ങൾ എന്നാൽ ആകാശത്തുനിന്നും ആക്രമണം നടത്തുന്നവയാണ്. ഇവ പ്രധാനമായും മൂന്ന് വിധമുണ്ട്. പോർവിമാനം, ബോംബർ വിമാനം, നിരീക്ഷണവിമാനം എന്നിങ്ങനെയാണവ. ഇതിൽ ഏറ്റവും അപകടകാരി ഏതാണ്?

മൂന്നും കണക്കാണെന്ന് പറയുമല്ലേ... എന്നാൽ നിരീക്ഷണവിമാനം പ്രശ്നക്കാരനല്ലാന്നും ചിലർ പറയുമായിരിക്കും. എന്നാൽ മൂന്നിനെക്കുറിച്ചും കേട്ടോളൂ.

ശത്രുക്കളുടെ വിമാനത്തെ ആകാശത്തുവച്ച് 'ഡിഷ്യൂം ഡിഷ്യൂം' ആക്കി വെടിവെച്ചിടുന്നവയാണ് പോർവിമാനങ്ങൾ. വ്യോമാക്രമണത്തിനായി ബോംബറുകളുമായുള്ള ഭാരമുള്ള വിമാനമാണ് ബോംബർ വിമാനങ്ങൾ.



എന്നാൽ അവസാനം പറഞ്ഞ നിരീക്ഷണ വിമാനങ്ങൾ ചെയ്യുന്നത് ശത്രുക്കളുടെ പട്ടാളത്താവളങ്ങൾ, നാവിക സങ്കേതങ്ങൾ, തുറമുഖങ്ങൾ, റെയിൽവേകൾ എന്നിവ നിരീക്ഷിച്ച് ഫോട്ടോകൾ എടുത്ത് ബോംബർ വിമാനങ്ങളെ അറിയിക്കുകയാണ്. പിന്നീട് ആ സ്ഥലങ്ങൾ ബോംബറുകൾ ചെന്ന് അഗ്നിക്കിരയാക്കുന്നു. നാഗസാക്കിയിലും ഹിരോഷിമയിലും അമേരിക്ക ആറ്റംബോംബിട്ടത് ഇങ്ങനെയാണ്.

## ...ൽത്താണ്ട്

അതിക്രമങ്ങൾ മൂലം കഷ്ടതയനുഭവിക്കുന്നവർക്ക്
ുന്നത്.
യ ജീവകാരുണ്യ സന്ദേശങ്ങൾ ലോകം മുഴുവൻ

ങ്ങളില്ലാതെ നിലനിൽപ്പില്ലായെന്നും നാം തിരിച്ച





**ആരോഗ്യം**

# തുമ്മുമ്പോൾ...

അല്ല, മൂക്കിൽ പൊടി അടിച്ച കയറുമ്പോൾ തുമ്മില്ലേ...? തുമ്മുമല്ലോ..

ആ, പൊടി പുറത്തേക്ക് പോവും എന്നല്ലാതെ അതില് വേറെ പ്രശ്നം വല്ലതും ഉണ്ടോ?

മൂക്കിൽ മാത്രമല്ല ശ്വാസനാളത്തിലും പൊടി കയറിയാൽ തുമ്മും. തുമ്മിയാൽ അത് തെറിച്ചുപോവും.

ങ്ഹാ, മൂക്കിന്റെയും ശ്വാസനാളത്തിന്റെയും ഉൾഭിത്തികളിലുള്ള വളരെ നേരിയ ചർമത്തിൽ പൊടി പറ്റിനിന്നാൽ ആരും തുമ്മിപ്പോവില്ലേ?

അതിന് എന്തിനാ മുഖം പൊത്തിപ്പിടിക്കേണ്ടത് എന്നതാ ചോദ്യം?

അത് തന്നെയാ പറയുന്നത്. തുമ്മുമ്പോൾ പൊടി മാത്രമല്ല പുറത്തേക്കെത്തുന്നത്. ഒപ്പം ശരീരത്തിനകത്തുള്ള രോഗാണുക്കളും പൊടിക്കൊപ്പം പുറത്തേക്കെത്താൻ സാധ്യതയുണ്ട്. മുഖം പൊത്തിപ്പിടിച്ചില്ലെങ്കിൽ അത് അടുത്ത് നിൽക്കുന്നവരിലേക്കെത്തും. നിങ്ങളുടെ രോഗം അവരിലും എത്തും എന്ന് തന്നെ.

ഓ... അത് ശരി.

ഓ... അത് ശരി തന്നെയാണ്.




**ഷഡ്പദ്**

# രണ്ടു ദശകൾ

എന്റെ വെട്ടുകിളിയേ... നിനക്ക് രണ്ട് ജീവിത ദശകളാണുള്ളതെന്ന് ഞങ്ങൾക്കറിയാം. ആദ്യത്തെ ദശയിൽ നീ എത്ര പാവമാണ്. ഏകാകിനിയായി ഒറ്റപ്പെട്ടു കഴിയും. നമ്മുടെ പച്ചത്തുള്ളനെപ്പോലെ. നീ ആരേയും ഉപദ്രവിക്കില്ല. എന്നാൽ.... നിങ്ങൾ എണ്ണത്തിൽ കൂടി, ചെറിയ മാറ്റങ്ങളൊക്കെ വരുമ്പോൾ, രണ്ടാം ദശയിലേക്കെത്തുകയായി. അപ്പോൾ നിങ്ങൾ 'കൊട്ടേഷൻ'കാരെപ്പോലെ സംഘം ചേരുന്നു. നിങ്ങൾ പറ്റം ചേർന്ന് കഴിയുന്നു. പിന്നെ പിടിച്ചാൽ കിട്ടില്ല. അക്രമത്തോട് അക്രമം... പാവം ഞങ്ങൾ കൃഷിക്കാർ. എല്ലാ വിളവും നിങ്ങൾ തിന്ന് നശിപ്പിക്കില്ലേ...





# മിന്നുവിന്റെ ചിത്രരചന

ആശയം, ചിത്രീകരണം: **ആലിയ ഫാത്തിമ**
4 ബി, എൽ പി എസ്, അഞ്ചൽ, കൊല്ലം

ഞാനാണ്
മിന്നുക്കുട്ടി





എല്ലാവരും പറയുന്നത് എനിക്ക്
ഭയങ്കര കുരുത്തക്കേട്
ആണെന്നാണ്.

എനിക്ക് അത്ര കുരുത്തക്കേട്
ഒന്നുമില്ല കേട്ടോ.

ഞാനൊരു ചിത്രം
വരയ്ക്കാൻ
ആഗ്രഹിച്ചു.
മഴയിൽ
നനയുന്ന
എന്റെ തന്നെ
ചിത്രം.





അത് വരയ്ക്കാൻ മഴ പെയ്യുന്നതുവരെ
എനിക്ക് കാത്തു നിൽക്കേണ്ടി വന്നു.

അങ്ങനെ, ഒരു
ദിവസം മഴ പെയ്തു.
മിന്നുക്കുട്ടിയായ
ഞാൻ മഴ നനഞ്ഞു.






എന്നാലേ വരയ്ക്കാൻ
കഴിയൂ എന്ന് തോന്നി.

പക്ഷേ, മഴ നനഞ്ഞോണ്ട്
നിന്നപ്പോൾ അമ്മയുടെ
കയ്യിൽ നിന്നും
അടികിട്ടി.





മഴ നനഞ്ഞ് പിറ്റേന്ന്
എനിക്ക് പനിയും വന്നു.
എന്നാലും ഞാൻ ആ ചിത്രം
വരയ്ക്കുക തന്നെ ചെയ്തു.

# പുലിവാലൻപൂച്ച

**ആരാധ്യ എസ് അനിൽ കുമാർ**
നാലാം തരം, എസ് സി വി എച്ച് എസ് എസ്, കുറ്റനാട്, പാലക്കാട്.



പമ്മിപ്പമ്മി പതുങ്ങി നടക്കും
പുലിവാലൻപൂച്ച
പാലും നെയ്യും കാണാതുണ്ണും
പുലിവാലൻപൂച്ച
എലിയെ കണ്ടാൽ കടിച്ചു കൊല്ലും
പുലിവാലൻപൂച്ച
ങ്യാവൂ ങ്യാവൂ പാടിനടക്കും
പുലിവാലൻപൂച്ച

ചിത്രീകരണം: **സാവേരി സന്തോഷ്**, 5 എഫ്, എമിറേറ്റ്സ് നാഷണൽ സ്കൂൾ, ഷാർജ.

# കണിക്കൊന്ന

**നിവേദ്യ.പി.കെ**
നരിക്കുന്ന്.യു.പി.സ്കൂൾ, എടച്ചേരി, വടകര,
കോഴിക്കോട്

മഞ്ഞക്കസവുകൾ
നെയ്തതാരോ
പൊന്നിൻ മണിവള
തന്നതാരോ
തേനീച്ചക്കൊട്ടാരം
പോലെയാണേ
കണ്ണിനുമാനന്ദം
ഏറെയാണേ



ചിത്രീകരണം: **ഗസൽ സക്കറിയ,**
5 ഇ, എൻ എൻ എൻ എം യു പി എസ്,
കാറൽമണ്ണ, പാലക്കാട്.

# പുലി



**സിന്ധു എൻ പി**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക

ഉറങ്ങാൻ കിടന്നപ്പോ
ളിരുട്ടിൻകാട്ടിൽ നിന്നും
സങ്കടപ്പുലി ചാടി
വന്നെന്നെ മാന്തിക്കീറി.
കടിച്ചു പറിച്ചെന്നെ
യൽപ്പാൽപ്പമായി കരൾ
സ്വാദോടെ നുണഞ്ഞാ ഹാ
മധുരം കിനിയുന്നു.
എന്താണിപ്പതുപതു
പ്പുള്ള സാധനം ഇതി–
ലെന്താണിശ്ശബ്ദം പൂവിൽ
വണ്ടു വന്നിടിക്കും പോൽ.
ഇതു തിന്നണ്ടാ, വലി
ച്ചെറിഞ്ഞു ശേഷിച്ചവ
യൊക്കെയും നക്കിത്തിന്നു
പതിയെ മയക്കമായ്.
കുഞ്ഞൊരു മിന്നാമിന്നി
വന്നെത്തി നോക്കിയാഹാ
കൊള്ളാലോയിരുട്ടത്തു
മിടിക്കുമിക്കുടാരം.
വന്നെത്തി പെട്ടെന്നതിൻ
ചങ്ങാതിമാരെല്ലാരും
ഞങ്ങൾക്കു മിഷ്ടപ്പെട്ടെ–
ന്നൊരുമിച്ചവർ മിന്നി.
ഇരുട്ടിൻകുറ്റിക്കാട്ടി –
ലുറങ്ങാൻ കിടന്ന ഞാൻ
സങ്കടപ്പുലി തിന്നു
കഴിഞ്ഞും ശേഷിച്ച ഞാൻ
തീപ്പൊരി പോലെ വെട്ടം
പരത്തും മിന്നാമിന്നി
ക്കൂടായിന്നിരുട്ടിന്റെ
മുഖത്തെച്ചിരിയായി.

✷




# മൂരിക്കുമരത്തിലെ പക്ഷികൾ



ഡോഃ അബ്ദുള്ള പാലേരി

പരമാവധി വീട്ടിനകത്തു കഴിയുന്നത് കൊറോണ വ്യാപനം തടയാൻ സഹായിക്കുമല്ലോ. അതിനാൽ അത്യാവശ്യത്തിനു മാത്രമേ പുറത്തിറങ്ങാറുള്ളൂ. പൊതുവാഹനങ്ങളിൽ യാത്ര ചെയ്ത് ദൂരസ്ഥലങ്ങളിലേക്കു പക്ഷിനിരീക്ഷണത്തിനു പോകുന്നതും തൽക്കാലം വേണ്ടെന്നു വെച്ചു. എങ്കിലും ഏറെ നാളുകൾ പക്ഷികളെ കാണാതെ അവയുടെ കളകൂജനങ്ങൾ കേൾക്കാതെ കഴിച്ചു കൂട്ടുക പ്രയാസകരമാണ്. അതിനാൽ രണ്ടു ദിവസം ബൈനോക്കുലറും കേമറയുമായി വീട്ടിൽനിന്ന് ഏറെ അകലെയല്ലാത്ത മൂരികുന്നു മലയിലേക്കു പക്ഷിനിരീക്ഷണത്തിനു പോയി. ആരുമില്ലാത്തിടത്ത് പക്ഷിനിരീക്ഷണത്തിനു പോകുന്നത് കൊറോണ വ്യാപനത്തിനു കാരണമാകില്ലല്ലോ. വിശാലമായ പാറയും ചുറ്റും കുറ്റിക്കാടുകളും കുറച്ചകലെ ഒരു കാട്ടുമലയുമുള്ള പ്രദേശമാണ് മൂരികുന്നു മല.

കാലത്ത് ഏഴു മണി മുതൽ ഒൻപതു മണി വരെയായിരുന്നു പക്ഷിനിരീക്ഷണം. പക്ഷിനിരീക്ഷണത്തിനു അനുയോജ്യമായ സമയമാണിത്. കാരണം കാലത്താണ് ഏറ്റവും കൂടുതൽ പക്ഷികൾ ഇരതേടിയിറങ്ങുക. വെയിലിനു ചൂടേറുന്നതോടെ പക്ഷികൾ തണൽ തേടിപ്പോകും. പിന്നെ വൈകുന്നേരം നാലുമണി മുതൽ സന്ധ്യ



ഗരുഡൻ ചാരക്കാളി



മഞ്ഞക്കിളി

മയങ്ങുന്നതു വരെയാണ് പക്ഷിനിരീക്ഷണത്തിനു അനുയോജ്യം.

മൂരികുന്നു മലയിൽ ഒരു മുൾമുരിക്കു മരം പൂത്തു നിൽപ്പുണ്ട്. ചുവന്ന നിറമുള്ള മുരിക്കിൻ പൂക്കൾ ആരും നോക്കി നിന്നുപോകും. മുരിക്കു മരത്തിൽ ഒരിലപോലുമില്ലാതെ കൊഴിഞ്ഞു പോയിരിക്കുന്നു. ശിഖരങ്ങൾ ഒന്നൊഴിയാതെ ചെമ്പൂക്കൾ ചൂടി നിൽക്കുകയാണ്. ഓരോ പൂങ്കുലയും തേൻകുടമാണ്.

ഇന്ത്യയിൽ കാണുന്ന ഒരു ഇല പൊഴിയും വൃക്ഷമാണ് മുൾമുരിക്ക്. ഇംഗ്ലീഷിൽ ഇതിനെ ഇന്ത്യൻ കോറൽ ട്രീ (Indian Coral Tree) എന്നാണ് വിളിക്കുന്നത്. തടി മുള്ളുകൊണ്ടു പൊതിഞ്ഞിരിക്കും. അതുകൊണ്ടാണ് ഈ വൃക്ഷത്തെ മുൾമുരിക്ക് എന്ന് വിളിക്കുന്നത്. വേനലിൽ ഇലപൊഴിച്ചു പൂത്തുലയും.

കുരുമുളക് വള്ളി പടർത്താനാണ് കർഷകർ മുഖ്യമായും മുരിക്ക് വളർത്തുന്നത്. ഇതിന്റെ ഇലകൾ മുയലിനും ആടിനും ഭക്ഷണമായി നൽകാറുമുണ്ട്. ചിലർ തോരനും കറിയും ഉണ്ടാക്കാനും ഇതിന്റെ ഇലകൾ ഉപയോഗിക്കാറുണ്ട്. ഇതിന്റെ പൂക്കൾ നോക്കി നിന്നാൽ ചെങ്കണ്ണ് രോഗം വരുമെന്നും പൂക്കൾ പറിച്ചാൽ കണ്ണ്



തണ്ടാൻ മരംകൊത്തി

പൊട്ടിപ്പോകുമെന്നും ആളുകൾ പറയുന്നത് ചെറുപ്പത്തിൽ കേട്ടിട്ടുണ്ട്. പക്ഷേ, ഇതിന്റെ പൂക്കൾ ഏറെനേരം നോക്കി നിന്നിട്ടും എനിക്ക് ചെങ്കണ്ണ് രോഗം വന്നിട്ടില്ല. പൂക്കൾ പറിച്ചിട്ട് കണ്ണ് പൊട്ടി പ്പോയിട്ടുമില്ല.

പക്ഷേ, കഴിഞ്ഞ പത്തിരുപതു വർഷത്തിനിടെ കോഴിക്കോട്, വയനാട് മുതലായ ജില്ലകളിലെ മുരിക്കുകൾ വ്യാപകമായി ഉണങ്ങി നശിച്ചു പോ



ചാരത്തലക്കാളി

യിരിക്കുന്നു. മൊബൈൽ ടവറുകളിൽ നിന്ന് വരുന്ന വികിരണങ്ങളാണ് മുരിക്ക് ഉണങ്ങാൻ കാരണമെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പക്ഷേ, അതിനു നമുക്ക് ശാസ്ത്രീയമായ തെളിവൊന്നും ലഭിച്ചിട്ടില്ല. മാത്രമല്ല അങ്ങനെയാണെങ്കിൽ കേരളത്തിലെ മറ്റിടങ്ങളിലെ മുരിക്കുകളും നശിച്ചുപോകേണ്ടതല്ലേ? അങ്ങനെ സംഭവിക്കാത്തതിനാൽ മൊബൈൽ ടവറാണ് മുരിക്കിന്റെ നാശകാരണമെന്ന് പറയാൻ കഴിയില്ല. ദ്രുതവാട്ട രോഗം വന്ന് ഒരുകാലത്ത് കുരുമുളക് വള്ളികൾ വ്യാപകമായി നശിച്ചുപോയതുപോലെ ഏതെങ്കിലും സൂക്ഷ്മാണു രോഗമാകാം മുരിക്കുകളെ നശിപ്പിച്ചത്.

ആകെ ഇരുപത്തി അഞ്ചു ജാതി പക്ഷികളാണ് മുരിക്കുമരം സന്ദർശിക്കാൻ എത്തിയത്. രണ്ടു ദിവസവും ആദ്യമെത്തിയത് ചാരത്തലക്കാളിയും (Grey-headed Starling) ഗരുഡൻ ചാരക്കാളിയു (Blyth's Starling)മാണ്. രണ്ടുജാതി പക്ഷികളും ഒരു കൂട്ടമായിട്ടാണ് വന്നത്. ചാരത്തലക്കാളി ഒരു ദേശാടന പക്ഷിയാണ്. വടക്കേ ഇന്ത്യയിലും മധ്യേന്ത്യയിലുമാണ് ഇത് മുഖ്യമായും കൂടുകൂട്ടുന്നത്. പശ്ചിമഘട്ടത്തിൽ കാണുന്ന ഒരു പക്ഷിയാണ് ഗരുഡൻ ചാരക്കാളി. കേരളം മുതൽ മഹാരാഷ്ട്ര വരെയാണ് ഇതിന്റെ വാസസ്ഥലങ്ങൾ. സ്വർണം പോലെ തിളങ്ങുന്ന ഒരു മഞ്ഞക്കിളിയും (Eurasian -golden Oriole) മുരിക്കുമരം സന്ദർശിക്കാൻ വന്നിരുന്നു. ഇതൊരു ദേശാടനപക്ഷിയാണ്. റഷ്യ, കസാക്കിസ്ഥാൻ മുതലായ രാജ്യങ്ങളിൽ നിന്നാണ് ഇത് കേരളത്തിൽ എത്തുന്നത്.

മുള്ളുകളെ ഒട്ടും വകവെക്കാതെ മരത്തിന്റെ ശാഖകളിലൂടെ ഊർന്നിറങ്ങി ഇരതേടുന്ന ഒരു കൊച്ചുപക്ഷിയെ ഏറെ അത്ഭുതത്തോടെയാണ് ഞാൻ നിരീക്ഷിച്ചത്. അതൊരു കൊച്ചു മരംകൊത്തിയായിരുന്നു. പേര് തണ്ടാൻ മരംകൊത്തി (Brown-capped Pigmy Woodpecker). മണ്ണാത്തിപ്പുള്ള് ഒരു കൊമ്പിലിരുന്നു മനോഹരമായി പാടിക്കൊണ്ടിരുന്നു. ക്രേ.. ക്രേ.. എന്ന് കരഞ്ഞു കൊണ്ട് വന്ന ഓലേഞ്ഞാലി ഏറെനേരം മരച്ചില്ലയിൽ ചിലവിട്ടാണ് പറന്നു പോയത്. കേരളത്തിൽ അത്ര സാധാരണമായി കാണാത്ത തോട്ടക്കാരൻ (Black-throated Munia) പക്ഷിയെ കൗതു



തോട്ടക്കാരൻ

കത്തോടെയാണ് നോക്കിക്കണ്ടത്.

ആനറാഞ്ചിക്ക് മുരിക്കുമരം തന്റേതു മാത്രമാണ് എന്ന ഭാവമായിരുന്നു. മരത്തിൽ വന്നിരുന്ന മറ്റു പക്ഷികളെ കൊത്തിപ്പറപ്പിച്ചുകൊണ്ടിരുന്നു. മരത്തിന്റെ ഏതുഭാഗത്ത് പക്ഷികൾ വന്നാലും ആനറാഞ്ചി പറന്നെത്തി കൊത്തും. കാക്കയെപ്പോലും സധൈര്യം കൊത്തിപ്പറപ്പിക്കും.

ആനറാഞ്ചിയുടെ സ്വാർത്ഥത മൂലം ആനറാഞ്ചി മരത്തിൽ ഉള്ളപ്പോൾ മറ്റു പക്ഷികൾ മടിച്ചു മടിച്ചാണ് മരം സന്ദർശിക്കാൻ വന്നത്.

മുരിക്കിൽ വിരുന്നു വന്ന പക്ഷികളിൽ ഏറ്റവും വലുത് ബലിക്കാക്കയായിരുന്നു. പക്ഷേ, കാക്ക മറ്റു പക്ഷികളെ ഉപദ്രവിച്ചിരുന്നില്ല. സന്ദർശകരിൽ ഏറ്റവും ചെറിയ പക്ഷികൾ തേൻകിളികൾ ആയിരുന്നു. കറുപ്പൻ തേൻകിളി (Purple Sunbird), മഞ്ഞത്തേൻകിളി (Purple-rumped Sunbird), കൊക്കൻ തേൻകിളി (Loten's Sunbird) എന്നീ പക്ഷികളാണ് ഏറ്റവും തവണ മരത്തിൽ എത്തിയത്. ആണും പെണ്ണും ഒരുമിച്ചായിരുന്നു ഇവയുടെ വരവ്.

ഇന്ത്യയിലെ യഥാർത്ഥ തത്തയായ തത്തച്ചിന്നനും (Vernal-hanging Parrot) മുരിക്കുമരത്തിൽ വിരുന്നു വന്നിരുന്നു. പാരറ്റിനെയാണ് (Parrot) ശരിക്കും തത്ത എന്നു വിളിക്കേണ്ടത്. പക്ഷേ, നമ്മൾ പാരക്കീറ്റിനെയാണ് (Parakeet) തത്ത എന്ന് വിളിക്കുന്നത്. പാരക്കീറ്റുകളുടെ വാൽ നീണ്ടിരിക്കും. എന്നാൽ പാരറ്റിന്റെ വാൽ കുറിയതായിരിക്കും. ഇന്ത്യയിൽ കാണുന്ന കുറിയ വാലുള്ള ഒരേയൊരു തത്തയാണ് തത്തച്ചിന്നൻ. ഇതിനെ കേരളത്തിലും കാണാം.

നാട്ടുമൈന, മഞ്ഞക്കറുപ്പൻ, തീക്കുരുവി, ചിന്നക്കുട്ടുറുവൻ, ഇരട്ടത്തലച്ചി, കുയിൽ, കാട്ടിലക്കിളി, ലളിതക്കാക്ക, കാക്കത്തമ്പുരാൻ, കാട്ടുമുഴക്കി, തവിട്ടു പാറ്റപിടിയൻ, താലിക്കുരുവി, നാട്ടുബുൾബുൾ എന്നീ പക്ഷികളും മുരിക്കുമരത്തിൽ വിരുന്നു വന്നിരുന്നു.



കാട്ടിലക്കിളി




തത്തച്ചിന്നൻ

ഇനി ഇത്രയധികം പക്ഷികൾ എന്തിനാണ് ഈ പൂമരത്തിൽ എത്തുന്നത് എന്നാകും പലരുടെയും സംശയം. മുരിക്കിൻ പൂങ്കുലകൾ തേൻകുടങ്ങളാണ്. തേനിൽ നിന്ന് ധാരാളം ഊർജം ലഭിക്കും.തേനുണ്ണാൻ വേണ്ടിയാണ് മിക്ക പക്ഷികളും മുരിക്കുമരം സന്ദർശിക്കുന്നത്. പക്ഷികൾ പൂവുകളിൽ മാറിമാറി ചെന്നിരുന്നു തേനുണ്ണുന്ന കാഴ്ച അതീവ രസകരമാണ്. പലരും കുറച്ചുനേരം തേനുണ്ട് എങ്ങോട്ടോ പറന്നുപോയി വീണ്ടും തേൻ നുണയാൻ തിരികെ വരും. തേൻകിളികളാണ് ഏറ്റവും തവണ തേൻ ഉണ്ണാൻ വന്നത്. തേൻകിളികൾ ചെറുതാണെങ്കിലും ജീവിക്കാൻ ഒരുപാട് ഊർജം വേണം. കാരണം മിക്കപ്പോഴും വേഗത്തിൽ പറന്നു കളിക്കുന്ന ശീലമാണ്. പറക്കാത്ത സമയത്തും ഒരിടത്തും അടങ്ങിയിരിക്കില്ല. മരച്ചില്ലകളിൽ തിരിഞ്ഞും മറിഞ്ഞും ചാഞ്ചാടിക്കളിച്ചും കൊണ്ടിരിക്കും. മുരിക്കിൻപൂവിന്റെ പൂമ്പൊടിയും പക്ഷികളുടെ ഇഷ്ട ഭക്ഷണമാണ്. എന്നാൽ വലിയ മിക്ക പക്ഷികളും മരത്തിൽ എത്തിയിരുന്നത് പൂവിൽ തേനുണ്ണാൻ വരുന്ന പ്രാണികളെ പിടിച്ചു തിന്നാനാണ്. പല പക്ഷികളും മരച്ചില്ലകളിൽ ഇരുന്ന് വിശ്രമിക്കുന്നതും തൂവൽ മിനുക്കുന്നതും കാണാമായിരുന്നു.

നോക്കൂ. രണ്ടു ദിവസം നാല് മണിക്കൂർ കൊണ്ട് ഒരു മുരിക്കുമരം ഇരുപത്തിയഞ്ചു ജാതി പക്ഷികൾക്കാണ് ആഹാരം നൽകിയത്. അങ്ങനെ എത്രയെത്ര പക്ഷികൾ ആണ് ആഹാരത്തിനും വിശ്രമത്തിനും കൂടുകൂട്ടാനും വൃക്ഷങ്ങളെ ആശ്രയിക്കുന്നത്. ഒന്നോർത്തു നോക്കൂ. ഈ ഒരു മുരിക്കുമരം മുറിച്ചുകളഞ്ഞാൽ എത്ര പക്ഷികൾക്കാണ് ആഹാരം നഷ്ടപ്പെടുക. അതുകൊണ്ടു നാം വൃക്ഷങ്ങൾ മുറിച്ചുകളയരുത്. അവ വെച്ചുപിടിപ്പിക്കണം -പക്ഷികൾക്ക് വേണ്ടിയും നമുക്ക് വേണ്ടിയും.

# കടൽ



**രാമകൃഷ്ണൻ കുമരനല്ലൂർ**

ചിത്രീകരണം: രാജീവ് എൻ ടി

നീലാകാശം ചാഞ്ഞുമയങ്ങിയ
കടലിൻ മേനി മിനുങ്ങുന്നു.
നുരകളൊരുക്കിയ മുല്ലപ്പൂക്കൾ
തലയിലിരുന്നു ചിരിക്കുന്നു.

എഴുതിയതെല്ലാം മായ്ക്കണമെന്നീ
തിരകൾ വാശിപിടിക്കുന്നു.
പുതിയവ വീണ്ടും വീണ്ടുമൊരുക്കാൻ
ചടുലപ്രേരണയാകുന്നു.

ജീവിതമുപ്പാണെന്നൊരുസത്യം
കരയുടെ കാതിൽ മൊഴിയുന്നു.
സന്ധ്യയൊരുക്കിയ കുങ്കുമമാണാ
കവിളിൽ ലജ്ജനിറയ്ക്കുന്നു.

അമ്പിളിയും പുതുതാരകവും ഹാ
നിന്നിൽ കാന്തി വിതയ്ക്കുന്നു.
ഉള്ളിൽ മുത്തുണ്ടെന്നാണൊരു തിര
വന്നെൻ കാലു നനയ്ക്കുന്നു..





പ്രേമജ ഹരീന്ദ്രൻ

11

ചിത്രീകരണം: റോഷൻ

# ഭൂമിലെ നക്ഷത്രങ്ങൾ

"സുപ്പൂ, നീ ഇവിടെ വന്നിരുന്ന് തനിച്ച് വർത്തമാനം പറയുകയാ?" വിനയടീച്ചർ സുപ്പുവിനെ അന്വേഷിച്ചുകണ്ടെത്തി.

"ഇതെന്താ പിണങ്ങി ഇവിടെ വന്നിരിക്കുവാണോ?"

സുപ്പു ഒന്നും മിണ്ടിയില്ല. അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ടീച്ചർ തന്റെ തുവാല കൊണ്ട് അവന്റെ മുഖം തുടച്ചുകൊടുത്തു.

"ശ്ശേ! ഇത്രേ ധൈര്യമുള്ളൂ എന്റെ സുപ്പുവിന്? ഇത്ര തൊട്ടാവാടിയാണോ?"

"സീച്ചറേ, ന്റെ ഈ കാലാ എല്ലാറ്റിനും കാരണം. ഇനി എല്ലാരും എന്നെ 'തവള' ന്ന് വിളിക്കും. ഞാൻ നാളെമുതൽ സ്കൂളിൽ വരുന്നേയില്ല."

"അവര് വിളിച്ചോട്ടേ. സുപ്പു അത് കേൾക്കാതിരുന്നാ പോരേ? നീ തവളയല്ലല്ലോ പിന്നെന്താ?" ടീച്ചറുടെ മുഖത്ത് വാത്സല്യപൂർണമായ ഒരു മന്ദഹാസം വിരിഞ്ഞു.

"സുപ്പൂ, വിൽമ റൂഡോൾഫ് എന്ന പേരു കേട്ടിട്ടുണ്ടോ? അവരുടെ കഥ കേട്ടിട്ടുണ്ടോ?

സുപ്പു ടീച്ചറുടെ മുഖത്തേക്ക് ഉറ്റുനോക്കി. ഇപ്പോ എന്താ ടീച്ചർ ഇങ്ങനെയൊരു പേര് പറയാൻ? അവന് ഒന്നും മനസ്സിലായില്ല.

വിൽമയുടെ കഥ ഞാൻ സുപ്പുവിന് പറഞ്ഞുതരാം. കഥയല്ല കേട്ടോ, ജീവിതം.

വിൽമയുടെ ജനനം തന്നെ പൂർണവളർച്ചയില്ലാത്ത കുട്ടിയായിട്ടായിരുന്നു. മാതാപിതാക്കളുടെ ഇരുപത്തിരണ്ട് മക്കളിൽ ഇരുപതാമത്തെയാളായി. ന്യുമോണിയ, സ്കാർലറ്റ് ഫീവർ തുടങ്ങി അനേകം മാരകരോഗങ്ങൾ കുഞ്ഞുവിൽമയെ കഷ്ടപ്പെടുത്തിക്കൊണ്ടിരുന്നു.

നാലാമത്തെ വയസ്സിൽ വിൽമയ്ക്ക് ഇടതുകാലിന് പോളിയോ ബാധിച്ചു. അവൾ കിടപ്പിലായി. തുടർച്ചയായ രോഗങ്ങൾ ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്ന വിൽമയ്ക്ക് ഇനി അധികകാലം ആയുസ്സില്ലെന്ന് ഡോക്ടർമാർ വിധിയെഴുതി.

പട്ടിണിക്കിടയിൽ മാതാപിതാക്കൾ വിൽമയെ ചികിത്സിക്കാൻ വല്ലാതെ ബുദ്ധിമുട്ടി. പല സ്ഥലങ്ങളിലേക്ക് കൊണ്ടുപോയി ഒരുപാട് ഡോക്ടർമാരുടെ അഭിപ്രായമന്വേഷിച്ചു. പലതരം ചികിത്സകൾ ചെയ്തു. ഇനി വിൽമയ്ക്ക് നടക്കാൻ കഴിയില്ലെന്ന് ഡോക്ടർമാർ ഉറപ്പിച്ചു പറഞ്ഞു. പക്ഷേ, വിൽമയുടെ അമ്മ പ്രതീക്ഷ കൈവിട്ടതേയില്ല.

തളർന്നുകിടക്കുന്ന വിൽമയിൽ ലോകമറിയുന്ന ഒരു കായികതാരമായി മാറാനുള്ള ആഗ്രഹം അമ്മ വളർത്തിയെടുത്തു.

"ങേ!! പോളിയോ ബാധിച്ച് നടക്കാൻ പോലും, എന്തിന് എഴുന്നേൽക്കാൻ പോലും പറ്റാത്തയാൾ കായികതാരമാവാനോ?!" സുപ്പു അത്ഭുതത്തോടെ ഓർത്തു.





**പോളിയോ ബാധിച്ച നടക്കാൻ പോലും, എന്തിന് എഴുന്നേൽക്കാൻ പോലും പറ്റാത്തയാൾ കായികതാരമാവാനോ?!" സുപ്പു അത്ഭുതത്തോടെ ഓർത്തു.**

ടീച്ചർ കഥ തുടരുകയാണ്; ഒമ്പതാം വയസ്സിൽ അമ്മ വിൽമയ്ക്ക് കാലിന് ബലക്കുറവുള്ളവരെ നടക്കാൻ സഹായിക്കുന്ന ഓർത്തോപീഡിക് ഷൂസ് വാങ്ങികൊടുത്തു. അതുപയോഗിച്ച് സ്വന്തമായി മെല്ലെ മെല്ലെ വിൽമ വീടിന് പുറത്തിറങ്ങാൻ തുടങ്ങി.

വീടിന് മുന്നിലെ മൈതാനത്തിൽ ആളുകൾ പന്തുകളിക്കുന്നത് നോക്കി എപ്പോഴും വിൽമ ഇരിക്കുമായിരുന്നു. കളിയ്ക്കിടയിൽ പന്ത് തന്റെ അടുക്കലേക്ക് ഉരുണ്ടുവന്നപ്പോൾ കുഞ്ഞുവിൽമ തന്റെ ശക്തിയില്ലാത്ത കാലുകൾ കൊണ്ട് പന്ത് തിരിച്ച തട്ടിക്കൊടുത്തു.

വിൽമയുടെ സഹോദരങ്ങളൊക്കെ നല്ല ബാസ്കറ്റ്ബോൾ കളിക്കാരായിരുന്നു. ഓർത്തോപീഡിക് ഷൂസിന്റെ സഹായത്തോടെ മെല്ലെ മെല്ലെ വിൽമയും അവരോടൊപ്പം കളിക്കാൻ തുടങ്ങി. ഒരു ദിവസം ജോലി കഴിഞ്ഞ് തിരിച്ചെത്തിയ മാതാപിതാക്കൾ വിൽമയെ കണ്ട് അമ്പരന്നു.

"എന്താ ടീച്ചർ എന്താണുണ്ടായത്?"

സുപ്പു ആകാംക്ഷയോടെ ചോദിച്ചു.

"നോക്കു നേരം കുറേ വൈകിയല്ലോ നമുക്ക് പോവണ്ടേ? പോകാനിറങ്ങിയിട്ട് സുപ്പുവിനെ കാണാഞ്ഞിട്ട് അന്വേഷിച്ച വന്നതായിരുന്നു ഞാൻ. ബാക്കി കഥ നാളെ". മനസ്സില്ലാമനസ്സോടെ സുപ്പു ടീച്ചറുടെ കൈയും പിടിച്ച് നടന്നു.

(തുടരും)




*പീക്കിരി.ഇൻ*
*കൊച്ചുകുട്ടികൾക്കുള്ള പേജുകളാണ്.*
*മുതിർന്നവർ ഇത് വായിച്ചുകൊടുക്കുമല്ലോ.*


# കാട്

**സുരേഷ്കുമാർ കന്നൂര്**

ചിത്രീകരണം: രാജീവ് എൻ ടി



ഇന്ന് കാട്ടു കാണാൻ പോവുകയാണ്. അവരെല്ലാം സന്തോഷത്തിലായിരുന്നു. ആന, കടുവ, പുലി, മാൻ... ഹായ് എന്തെല്ലാം കാണാം. അവർ തുള്ളിച്ചാടി.



കാട്ടിലെത്തിയപ്പോൾ ഉച്ചയായിരുന്നു. കൊടും ചൂടിലും കാട്ടിലെന്താ തണുപ്പ്. പുലിയും കടുവയും ആനയുമൊന്നും എവിടെയുമില്ലായിരുന്നു. വെറും മരങ്ങൾ... ചെടികൾ...





ഇതെന്തൊരു കാടാ... നടന്നു നടന്നു മടുത്തു.
അതാ... വലിയൊരു കുളം. അവർ മീൻ പിടിച്ചു.




മീൻ
ചുട്ടുതിന്നാനായി
കരിയിലകൾ കൂട്ടി
തീ കത്തിച്ചു.






തീ പടർന്ന്
കുറ്റിക്കാടുകളിലേക്കു പിടിച്ചു.
പിന്നെ മരങ്ങളിലേക്കും.

കഷ്ടം. മനുഷ്യർ കാട്ടിൽ
നുഴഞ്ഞു കയറിയിട്ടുണ്ട്.
കടുവ പറഞ്ഞു.



കാടെല്ലാം
നാടാണെന്നാ
അവരുടെ
വിചാരം.
പുലി പറഞ്ഞു.







ഒന്നും പറയാതെ
ആന ഓടി
തുമ്പിക്കൈ നിറയെ
വെള്ളമെടുത്തു.




തുമ്പിക്കൈയിൽ
നിന്നും വെള്ളം
മഴപെയ്യും പോലെ
തീക്കുമേൽ വീണു.
തീ കെട്ടു.

മനുഷ്യർ മൃഗങ്ങളോട് മാപ്പുപറഞ്ഞു.
അവർ പറഞ്ഞു:
കാടു ഞങ്ങളുടേതു കൂടിയാണ്
ഇനി ഞങ്ങൾ കാടു കാക്കും.
കാടിനു കാവൽ നിൽക്കും.



# പാവം ആന




മധു ആലപ്പടമ്പ്

ചിത്രീകരണം: അരവിന്ദ് വട്ടംകുളം

കുഴിയിലിരിക്കുന്നൊ-
രാനയാണേ.
കണ്ടാൽ പയർമണി
പോലെയാണേ.
പിന്നോട്ട് പോകുന്ന
ശീലമാണേ.
പാപ്പാനില്ലാത്ത
പാവമാണേ..

കൊമ്പില്ല,വമ്പില്ല
തുമ്പിയില്ല.
അമ്പലമുറ്റ-
ത്തെഴുന്നള്ളില്ല!
പേരിലുണ്ടാന-
യതിൻ ഗമയിൽ
പാവമിവനും
കഴിഞ്ഞു പോണു.



# ഇര



## റഫീക്ക് പൂനത്ത്

ചിത്രീകരണം: രാജീവ് എൻ ടി

വയൽവരമ്പത്തൂടെ നടക്കുന്നതായിരുന്നു മീനുവിന് ഏറെയിഷ്ടം. പുൽനാമ്പുകളിലെ കുഞ്ഞുസൂര്യന്മാർ ഇളംകാറ്റിൽ നൃത്തമാടുന്നുണ്ടാവും. ഉരുണ്ട നിലത്തു വീഴുമ്പോൾ ശോഭയേറ്റ് മണ്ണിൽ പരന്ന് പോകും. കാക്കപ്പൂവ് പ്രഭാതത്തിന്റെ ഉണർവിൽ ചിരിച്ച് നിൽക്കുന്നുണ്ടാവും. ഇരുത്തമലയുടെ ചരിവിൽനിന്ന് സൂര്യൻ കൊന്നപ്പൂവുകൾ വാനിലേക്ക് വിതറും.


“സൂര്യന്റെ ചിരിയ്ക്ക് എന്തൊരു തെളിച്ചാ!!” മീനു മുത്തശ്ശിയെ നോക്കി ചിരിച്ചു. മുക്കുറ്റിയും അരിപ്പൂവും തലയാട്ടി.

“എവിടേക്കാ... മുത്തശ്ശീം മോളും കൂടി, ഈ വെളുപ്പാൻ കാലത്ത്.” രാഘവേട്ടൻ മൂരികളെ തെളിച്ച് ധൃതിയിൽ നടന്നു.

“മുത്തശ്ശി വന്നതുകൊണ്ടാ... അല്ലേ, അമ്മ എന്നെ ഒറ്റക്കെങ്ങോട്ടും വിടൂല. കാലം മോശാ... ന്നാ... അമ്മ പറയാ...” മീനു പരിഭവം പറഞ്ഞു.

“കാലം മോശാ... ണോ... നമ്മള് വേണ്ടേ... കാലം നന്നാക്കാൻ. മോള് ഈ ലോകം കണ്ട് വളർന്നോ... കാടും മേടും വയലും വാനവും അറിവിന്റെ സഞ്ചയമൊരുക്കി കാത്തിരിപ്പാ...” മുത്തശ്ശി മീനുവിനെ പുണർന്നു.

എവിടെനിന്നോ പാഞ്ഞുവന്ന കുറുക്കൻ അവരുടെ മുന്നിൽ വന്ന് പരുങ്ങി. ഉണ്ടക്കണ്ണുകൾ കണ്ടപ്പോൾ അവൾക്കു പേടിയായി. പേടിച്ചരണ്ട കുളക്കോഴി നെൽച്ചെടിക്കിടയിൽനിന്ന് പറന്നുയർന്ന് കൈതക്കൂട്ടത്തിനുള്ളിലൊളിച്ചു.



“തുറിച്ചുനോക്കുന്ന കണ്ണുകളെ കണ്ണിലെ തീഷ്ണം കൊണ്ട് നേരിടണം.”

മീനുവിന്റെ കണ്ണിലെ തിളക്കം മുത്തശ്ശിക്കിഷ്ടമായി.

“അതുതന്ന്യാ... ന്റെ സുജയട്ടീച്ചറും പറയാ...” മീനു മുത്തശ്ശിയുടെ കൈ മുറുകെ പിടിച്ചു.

വയൽ വരമ്പത്ത് ചിതറിക്കിടക്കുന്ന പക്ഷിത്തൂവൽ കണ്ടപ്പോൾ അവൾക്ക് സങ്കടമായി.

“ഒളിച്ചിരുന്ന് പിടിച്ചുതിന്നതാവും...” മീനു മുത്തശ്ശിയുടെ കണ്ണിലേക്ക് നോക്കി. കണ്ണു നിറച്ചു.

“ഇത്ര പെട്ടെന്ന് വാട്യോ... ന്റെ പൂവ്. മോള്... ഈ ലോകത്തെ നന്മകളെക്കുറിച്ച് ചിന്തിച്ച് നോക്ക്... പൂക്കളെക്കുറിച്ച്... പൂമ്പാറ്റകളെ കുറിച്ച്... മരങ്ങളെ കുറിച്ച്... പുഴകളെ കുറിച്ച്... പരസ്പരം തണലായും താങ്ങായും കഴിഞ്ഞുകൂടുന്ന അസംഖ്യം ജീവജാലങ്ങൾ...”

“മനുഷ്യർക്കും അങ്ങനെയായാലെന്താ...”

“മനുഷ്യരും അങ്ങനെയാണല്ലോ... അതിനിടയിൽ എവിടെയോ ചില കാട്ടാളന്മാര്...!” മുത്തശ്ശി നെടുവീർപ്പിച്ചു.

“കാട്ടാളന്മാരെ എനിക്കു പേട്യാ... അമ്മയ്ക്കും.” മീനുവിന്റെ മുഖം കറുത്തു.

“വെയില് ചൂടായിത്തുടങ്ങി... മ്മക്ക്... തിരിച്ചു നടക്കാം.” പാടവരമ്പത്തെ കാക്കപ്പൂവ് വെയിലേറ്റ് തളർന്നിരുന്നു.




കത്തുകൾ
അയയ്ക്കേണ്ട വിലാസം :
യു-മെയിൽ, യുറീക്ക,
ചാലപ്പുറം,
കോഴിക്കോട്- 673002

9497172919

# ഒരുപാട് കിളികളെ അറിയാനായി

**യു**റീക്ക ഏർപ്പെടുത്തിയ 'എത്ര കിളികളുടെ പാട്ട റിയാം എത്ര കിളികളുടെ പേരറിയാം' എന്ന പരിപാടി യിൽ ഞാനും പങ്കെടുത്തു. നല്ല പരിപാടി ആയിരുന്നു. ഒരുപാട് കിളികളെക്കുറിച്ച് എനിക്ക് അറിയാൻ കഴിഞ്ഞു. വളരെ സന്തോഷം. ഇതൊക്കെ പറഞ്ഞുതന്ന കർത്താ മാമന് നന്ദി. അവർ പറഞ്ഞ പ്രവർത്തനങ്ങൾ ചെയ്തു. ഞാനത് സോഷ്യൽമീഡിയ വഴി അയച്ചുകൊടുത്തു. ഈ കൊറോണക്കാലത്ത് കുട്ടികൾക്ക് വേണ്ടി ഇങ്ങനെ ഒരു പരിപാടി ഒരുക്കിയതിന് നന്ദി യുറീക്കാ മാമാ.

**അനുനന്ദ എസ്.എച്ച്,** 8 ബി, ജി.എച്ച്.എസ്.എസ്. കടന്നപ്പള്ളി, കണ്ണൂർ

# കിട്ടീല

**യു**റീക്കാ മാമാ, കൊറോണ കാരണം കുറേ യുറീക്ക പുസ്തകങ്ങൾ കിട്ടീല. അതിൽ വളരെ വിഷമമുണ്ട്. ഇപ്പോൾ ഓൺലൈൻ ക്ലാസ് ഉണ്ട്. അതുകൊണ്ട് ബോറടിക്കുന്നില്ല. പക്ഷേ സ്കൂളും ടീച്ചറും കൂട്ടുകാരെയും മിസ് ചെയ്യുന്നു. ഈ കൊറോണ വേഗം തീർന്നാ മതിയായിരുന്നു. യുറീക്കാ മാമന് 50 വയസ്സായെന്ന് കേട്ടു. ഇനിയും കുറേ വർഷങ്ങൾ കുട്ടികൾക്ക് വെളിച്ചം പകർന്നു നൽകാൻ കഴിയട്ടേ എന്ന് ആശംസിക്കുന്നു.

**ദേവിക കെ.പി.,** 6 എ, വിളമന, ഇരിട്ടി, കണ്ണൂർ.


# എന്റെ വരിക്കമാമ്പഴം

**എ**ല്ലാവർക്കും ഇഷ്ട മരങ്ങൾ കാണുമല്ലോ. എന്റെ ഇഷ്ടമരം വരിക്കമാവാണ്. സ്കൂൾ വേനലവധിക്ക് എനിക്ക് ഇതിൽനിന്നും ധാരാളം മധുരമുള്ള മാമ്പഴം ലഭിക്കും. നല്ല മധുരമായതുകൊണ്ടാവാം മാമ്പഴം പഴുത്തു കഴിഞ്ഞാൽ മാവിലേക്ക് വരിവരിയായി ഉറുമ്പുകൾ എത്തിത്തുടങ്ങും. എന്തു രസമാണെന്നോ അത് കാണാൻ. പിന്നെ വിരുന്നുകാരായി കിളികളും അണ്ണാനും എത്തും. സന്തോഷത്തോടെ മാമ്പഴം കഴിച്ച് ചില്ലകളിൽ ഇരുന്നും ചാടിക്കളിച്ചും അവർ പോവുന്നു. എത്ര മനോഹരമായ കാഴ്ചയാണിത്.

**ലിംന പി.എസ്.,** 5 ാം തരം, എം.കെ.എൽ.പി.എസ്. പൊങ്ങിൽ, നെയ്യാറ്റിൻകര, തിരുവനന്തപുരം.



## ഞാനും മീനും എന്റെ സങ്കടവും



**അ**ച്ഛൻ ഇന്ന് രാവിലെ കുളത്തിലെ കുറച്ച് മീൻ കൊണ്ടുവന്നു. അതിലൊന്നിന് ജീവനുണ്ടായിരുന്നു. ഞാൻ അതിനെ ഒരു ചട്ടിയിൽ വെള്ളത്തിലിടാൻ അമ്മായിയോട് പറഞ്ഞു. വെള്ളത്തിലിട്ടതും മീൻ ചടപടാന്ന് നീന്തിത്തുടിച്ചു. അതിനെ മാത്രം കൊല്ലരുത്, ഞാൻ പറഞ്ഞു. കുറച്ച് പൊരി കടലയും ഇട്ടുകൊടുത്തു. കുറച്ചുനേരം മീനിനെ നോക്കി ഇരുന്നു. പക്ഷേ, ഞാൻ അകത്ത് എന്തിനോ പോയി വന്നതും അമ്മായി അതിനെ കൊന്നു നന്നാക്കി. എനിക്ക് നല്ല വിഷമം തോന്നി. ഞാൻ കരഞ്ഞു. പാവം മീൻ എത്ര വേദനിച്ചിട്ടുണ്ടാവും. പിന്നെ അമ്മ എന്നെ സമാധാനിപ്പിച്ചു. പതുക്കെ എന്റെ സങ്കടവും മാറി.

**അർഷിയ,** 3 ബി, കെ.എസ്.ബി.എസ്. കരീപ്പോട്, പാലക്കാട്

## മുഖചിത്രം

**ജൂ**ലൈ മാസത്തെ യുറീക്ക എനിക്ക് വളരെ ഇഷ്ടപ്പെട്ടു. മുഖചിത്രം വിമലേട്ടന്റെ പെയിന്റിംഗാണല്ലോ. എന്റെ പ്രിയ വരക്കാരനാണ് വിമലേട്ടൻ. വിമലേട്ടന്റെ എല്ലാ ചിത്രവും ഞാനും അമ്മയും സൂക്ഷിച്ചു വച്ചിട്ടുണ്ട്. എന്റെ അനിയത്തി നിധിക്കുട്ടി ചിത്രങ്ങൾ നോക്കിച്ചിരിക്കും. പിന്നെ യുറീക്കേ ഞാനൊരു യു റ്റ്യൂബ് ചാനൽ തുടങ്ങി. സ്ക്കൂൾ തുറന്ന് കൂട്ടുകാരെ കാണാൻ കൊതിയാവുന്നു. എന്റെ പ്രിയ യുറീക്കക്ക് നൂറ് ഉമ്മ.

**നിവേദ്.കെ,** മൂന്നാം ക്ലാസ്, ഭാരതീയ വിദ്യാഭവൻ, തിരുനാവായ


**യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി**

**വരിക്കാരാവൽ ഇപ്പോൾ വളരെ എളുപ്പം**

www.ksspublications.com എന്ന വെബ്സൈറ്റിൽ നിന്ന് ഓൺലൈനായി പണമടയ്ക്കാം, വരിക്കാരാവാം.

സ്കാൻ ചെയ്യൂ, വരിക്കാരാകൂ

വാർഷിക വരിസംഖ്യ

**യുറീക്ക– ₹ 300** **ശാസ്ത്രകേരളം– ₹ 200** **ശാസ്ത്രഗതി– ₹ 200**

ഓൺലൈനിൽ വായിക്കാൻ: www.magzter.com www.readwhere.com

# പഴമൊഴിപ്പാട്ട്

**പപ്പൻ കാവുമ്പായി**

ചിത്രീകരണം: അരവിന്ദ് വട്ടംകുളം

അയ്‌ലൂടെ പോയാലും
ഇയ്‌ലൂടെ പോയാലും
ആന പോകുന്നത് കാണൂലേ..

ഇല്ലം നിറച്ചാലും
വല്ലം നിറച്ചാലും
ഇഷ്ടമില്ലാഞ്ഞാൽ നിറയൂലാ..

ഈറ്റെടുക്കാൻ ചെന്നി–
രട്ടപേറ്റോളവൾ
ഇല്ലത്തുണ്ടേൽ പിന്നെ മിണ്ടണ്ടാ.


ഉണ്ണാത്ത പിള്ളയ്ക്കും
ഉരിയരി വേണ്ടനാൾ
ഉണ്ണുമ്പോൾ ചെല്ലണമുരുളയ്ക്കായ്..

ഊതിക്കുടിക്കുവാൻ
കഞ്ഞിയില്ലെങ്കിലും
ഊറ്റത്തിന്നാലേ നിവൃത്തിയുള്ളൂ.

എല്ലാമറിഞ്ഞവനാരു –
മില്ലെന്ന പോൽ
ഏതുമറിയാതെയാരുമില്ലാ.

ഒട്ടും പറയാഞ്ഞാൽ
പൊട്ടനായിപ്പോകും
ഒറ്റച്ചെവിക്കതും തെറ്റിപ്പോകാം.

ഓളമുള്ളേടത്തിന്നാഴമില്ല.. പിന്നെ
ആഴമുള്ളേടത്തിന്നോളമില്ലാ .
ആഴമറിഞ്ഞാറ്റിലേക്കിറങ്ങാമെന്നാൽ
ആഴം പേടിച്ചാറ്റിൽ ചാടിടല്ലേ..



Volume 42 No. 5 Eureka 2020 August 1, 44 Pages
Printed and Published by Meerabai T.K, Parishad Bhavan, Chalappuram, Calicut -2. on behalf of Kerala Sasthra Sahithya Parishad
Printed at : Geethanjali Web Offset, Kundaythode, Kolathara P.O, Calicut.
and Published at Parishad Bhavan, Chalappuram, Calicut-673002. Editor : C.M.Muraleedharan. Approved by CSIR for Financial Support.















പിന്നെയും മഴ വന്നൂ
വിരിഞ്ഞൂ സൊനേറില
കുഞ്ഞു മൂവിതളുകൾ
സ്വർണ കേസരങ്ങളും!

Sonerila = സ്വർണസുന്ദരി

---

ചിത്രവും വരിയും :
വിശ്വൻ – 9207 008 943

Date of Publication : 25/7/2020 **EUREKA** Price : ₹ 17.00
ISSN : 0972-2122 Science Fortnightly For Children Registered No: KL/CT/46/2018-20
License to post without prepayment of postage No: KL/PMG/NR/WPP/7/KKD/2018-20
Registered with the Newspaper Registrar of India under No:29524/78







Follow us on

ശീലമാക്കാം ...

FOOTWEAR & BACK PACKS ODYSSIA

CLASSMATE SHOES
SANDALS & BACKPACKS